# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏലൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ:** doekm.ksad@kerala.gov.in

**ഫോൺ :** 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(എം2)134/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/03/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഏലൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : ഏലൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏലൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4. നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, എറണാകുളം
5. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ഇ.കെ.എം(എം2)134/24 തീയ്യതി: 20/03/2024

## എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 70 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 51 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാംകുട്ടി റ്റി.എൽ | ജോയിന്റ് ഡയറക്ടർ | 22-01-2024 | 06-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2024 | 06-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

കുമാരി.സാലി ജോസഫ് , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ സജീവ് എൻ എം, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ സന്തോഷ് കുമാർ എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.വൃന്ദ സി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ കിരൺ കെ എസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുജിൽ.എ.ഡി | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ സുഭാഷ്.പി.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുഭാഷ്.കെ.ആർ | അസിസ്റ്റന്റ് എൻജിനിയർ | 01-04-2022 | 05-10-2022 |
| ശ്രീമതി.യമുന.പി.ബി | അസിസ്റ്റന്റ് എൻജിനിയർ | 06-10-2022 | 31-03-2023 |
| ശ്രീമതി ഷെറിൻ ജോസഫ് | ജെഎച്ച്ഐ II, പ്രൊജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി രാജി.കെ.ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അഞ്ജു മറിയം എബ്രഹാം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുലേഖ.എം.എൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 27-12-2022 |

| | | | |
|---|---|---|---|
| ശ്രീമതി.സിന്ധു.പി.പി | ഫിഷറീസ് ഇൻസ്പെക്ടർ | 28-12-2022 | 31-03-2023 |
| ഡോ നിഷി.ടി.കാർനേത്ത് | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ നിഷിത.കെ.എസ് | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ വിനോദ്.വി.ടി | പ്രിൻസിപ്പാൾ,ജിഎച്ച്എസ്എസ്, ഏലൂർ | 01-04-2022 | 26-10-2022 |
| ശ്രീമതി.ഷീന.കെ.വി | പ്രിൻസിപ്പാൾ,ജിഎച്ച്എസ്എസ്, ഏലൂർ | 27-10-2022 | 31-03-2023 |
| ഡോ വിക്ടർ ജോസഫ് കൊറയ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്സി | 01-04-2022 | 31-03-2023 |
| ശ്രീ പ്രേംചന്ദ്.പി.ആർ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2022 | 05-09-2022 |
| ശ്രീ.സജിമോൻ.കെ.വർഗ്ഗീസ് | ഹെൽത്ത് ഇൻസ്പെക്ടർ | 06-09-2022 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ഗ്രാന്റുകളുടെ വരവ് ചെലവ് വിവരം ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക പ്രകാരം കൃത്യമല്ല | 1-1-2 |
| 4 | റെസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം ഗ്രാന്റുകളുടെ വരവ് കണക്ക് കൃത്യമല്ല | 1-1-3 |
| 5 | നഗരസഞ്ചയ പദ്ധതി വിഹിതം വരവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ശുചിത്വ മിഷൻ ഫണ്ട് വരവു തുക പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല. | 1-1-5 |
| 7 | KWAപൂർത്തികരിക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികൾ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | AUGES വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയും ലെഡ്ജറുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | AUGES തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ക്രമീകരിക്കുവാനവശേഷിക്കുന്ന തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | Deposit Register സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | തനത് ഫണ്ട് റിക്കൺസിലിയേഷൻ കൃത്യമല്ല | 1-1-10 |
| 12 | CFCഗ്രാന്റ്- ബാങ്ക് റിക്കൺസിലിയേഷൻ കൃത്യമല്ല | 1-1-11 |
| 13 | PMAY ചെലവ്- വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | പെൻഷൻ ഫണ്ട്- വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | വാർഷിക ധനകാര്യ പത്രിക- HUDCO ലോൺ ബാലൻസ് തുക കൃത്യമല്ല | 1-1-14 |
| 16 | വാർഷിക ധനകാര്യ പത്രിക- സ്ഥിര നിക്ഷപത്തിൽ വ്യത്യാസം | 1-1-15 |
| 17 | മെയിന്റനൻസ് ഗ്രാന്റ് അലോട്ട്മെന്റ തുക ₹21,03,350/- ACR ൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-16 |
| 18 | വിവിധ ഗ്രാന്റ് തുകകൾ ACR ലും AFSലും സുലേഖ ചെലവു പത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-17 |
| 19 | Buds Special School- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ക്രമീകരക്കുവാൻ അവശേഷിക്കുന്ന തുക- B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-18 |
| 20 | റെൻറ് രജിസ്റ്റർ കൃത്യമല്ല | 1-1-19 |
| 21 | Lease Of Lands-രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-20 |
| 22 | ഗ്രാമ വണ്ടി- ഡെപ്പോസിറ്റ് തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-21 |
| 23 | വരവ് ഇനങ്ങളുടെ DCB കൃത്യമല്ല | 1-1-22 |
| 24 | അമൃത് ഫണ്ട് ബാങ്ക് അക്കൌണ്ട് AFSൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-23 |
| 25 | ബജറ്റ് | 1-2 |
| 26 | സാമ്പത്തിക വിശകലനം | 1-3 |
| 27 | ഫണ്ട് വിനിയോഗം | 1-4 |
| 28 | പദ്ധതി അവലോകനം | 1-5 |
| 29 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 30 | ക്ഷേമ പദ്ധതികൾ | 1-7 |
| 31 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 32 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 33 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 34 | തനതു വരുമാനം അവലോകനം | 1-11 |
| 35 | രസീത് പരിശോധന അപാകതകൾ | 1-12 |
| 36 | കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ കടിശ്ശിക നിലനിൽക്കുന്നു | 1-13 |
| 37 | മൊബൈൽ ടവറിന്റെ വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു | 1-14 |
| 38 | കാർഷികാഭിവൃദ്ധി ഫണ്ടിലേക്ക് അടവാക്കേണ്ട ഫീസ് നഗരസഭയുടെ ഫണ്ടിൽ അടവാക്കി | 1-15 |
| 39 | സ്ഥാപന തൊഴിൽ നികുതി-അപാകതകൾ | 1-16 |
| 40 | ജീവനക്കാരുടെ തൊഴിൽ നികുതി-അപാകതകൾ | 1-17 |
| 41 | നഗരസഭാ പരിധിയിലെ റോഡുകളിൽ GI Poles സ്ഥാപിക്കുന്നതിലെ അപാകതകൾ | 1-18 |
| 42 | Rent കളക്ഷൻ അപാകതകൾ | 1-19 |
| 43 | ലേലം ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-20 |
| 44 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല | 1-21 |
| 45 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-22 |
| 46 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല | 1-23 |
| 47 | വാർഷിക ധനകാര്യ പത്രിക – പെൻഷൻ ഫണ്ട് കൃത്യമാക്കി സൂക്ഷിക്കുന്നില്ല. | 1-24 |
| 48 | മെയിന്റനൻസ് ഗ്രാന്റ് റോഡ് - അലോട്ട്മെന്റ് പൂർണ്ണമായും ACR ൽ ഉൾപ്പെടുത്തിയിട്ടില്ല | 1-25 |

| | | |
|---|---|---|
| 49 | വാർഷിക ധനകാര്യ പത്രിക- സ്ഥിര നിക്ഷേപ കണക്കിൽ അപാകത | 1-26 |
| 50 | വാർഷിക ധനകാര്യ പത്രിക- HUDCO ലോൺ കണക്കിലെ അപാകത | 1-27 |
| 51 | നഗരസഞ്ചയ കോർപ്പറേഷൻ വിഹിതം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-28 |
| 52 | ബഡ്സ് സ്പെഷ്യൽ സ്കൂൾ: വരവ് - ചെലവ് കൃത്യമായി സൂക്ഷിക്കുന്നില്ല | 1-29 |
| 53 | AUGES വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-30 |
| 54 | മാലിന്യ നീക്കം- അനുവദനീയമായതിനേക്കാൾ അധിക തുക നൽകി | 1-31 |
| 55 | മഴക്കാല പൂർവ്വ ശുചീകരണം -ചെലവു രേഖകൾ ഹാജരാക്കിയില്ല | 1-32 |
| 56 | സാനിറ്റേഷൻ വർക്കേഴ്സിന് അർഹമായതിലും അധിക തുക നൽകി | 1-33 |
| 57 | കോക്ലിയർ ഇംപ്ലാന്റ് മെയ്ന്റനൻസ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല -₹50,000/- തടസ്സപ്പെടുത്തുന്നു | 1-34 |
| 58 | വയോജനോത്സവം - മാർഗ്ഗരേഖയിൽ ഇല്ലാത്ത പദ്ധതി നടപ്പിലാക്കി - അധിക തുക ചെലവഴിച്ചു | 1-35 |
| 59 | മുട്ടക്കോഴി വളർത്തൽ - പ്ലാൻ ഫണ്ടിൽ നിന്ന് തെറ്റായി അധിക തുക ചെലവഴിച്ചു | 1-36 |
| 60 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ–പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-37 |
| 61 | വിദ്യാഭ്യാസ അവാർഡ് വിതരണം അപാകതകൾ | 1-38 |
| 62 | അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് കീടനാശിനി വിതരണം ചെയ്തു | 1-39 |
| 63 | തരിശു ഭൂമി കൃഷി - അപാകതകൾ | 1-40 |
| 64 | ജൈവവളം - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകി | 1-41 |
| 65 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-42 |
| 66 | സാമൂഹ്യ സുരക്ഷാമിഷനിലേയ്ക്ക് തുക നല്കൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-43 |
| 67 | PHC യുടെ പുതിയ കെട്ടിടത്തിലേയ്ക്ക് ട്രാൻസ്ഫോർമർ– ഫയൽ, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല | 1-44 |
| 68 | പഴയ പൈപ്പ് മാറ്റി PVC പൈപ്പ് സ്ഥാപിക്കൽ– അപാകതകൾ | 1-45 |
| 69 | കുടിവെള്ള പൈപ്പ് ലൈൻ പ്രോജക്ടുകൾ പൂർത്തീകരിച്ചില്ല | 1-46 |
| 70 | പഴയ എ.സി. കുടിവെള്ള പൈപ്പുകൾ പിവിസി പൈപ്പുകൾ ആക്കുന്നത്-പ്രോജക്ട് നടപ്പിലാക്കിയില്ല | 1-47 |
| 71 | നഗരസഭ പാതാളം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലം നഗരസഭ ആസ്തിയായി ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. | 1-48 |
| 72 | വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുക്കുന്നില്ല | 1-49 |
| 73 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കൽ -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-50 |
| 74 | പാതാളം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-51 |
| 75 | ഉന്തിത്തോട് പള്ളിയാട്ട് റോഡ് കാന നിർമ്മാണം വാർഡ്-29-എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം പ്രവൃത്തി ചെയ്തില്ല. | 1-52 |
| 76 | മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-53 |
| 77 | PMAY – ഗ്രാന്റ് വിനിയോഗത്തിൽ അവ്യക്തത | 1-54 |
| 78 | പി.എം.എ.വൈ അർബൻ/ലൈഫ് ഭവന പദ്ധതി - പൊതു അവലോകനം | 1-55 |
| 79 | NULM- വഴിയുള്ള പ്രവർത്തനങ്ങൾ നഗരസഭയിൽ കാര്യക്ഷമമല്ല . | 1-56 |
| 80 | അമൃത് പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം | 1-57 |
| 81 | പെൻഷൻ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല | 1-58 |
| | **ഭാഗം 2** | |
| 1 | മൊബൈൽ ടവറിന്റെ വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു | 2-1 |
| | **ഭാഗം 3** | |
| 1 | മാലിന്യ നീക്കം- അനുവദനീയമായതിനേക്കാൾ അധിക തുക നൽകി | 3-1 |
| 2 | മുട്ടക്കോഴി വളർത്തൽ - പ്ലാൻ ഫണ്ടിൽ നിന്ന് തെറ്റായി അധിക തുക ചെലവഴിച്ചു - ₹46800/- നിരാകരിക്കുന്നു | 3-2 |
| 3 | KWAഡെപ്പോസിറ്റ് വർക്ക് -റോഡ് റെസ്റ്റോറേഷൻ ഫീസ് തിരികെ ഈടാക്കേണ്ടതാണ് | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികകണക്കുകൾ പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | ഓഡിറ്റ് റിക്കവറി | 4-5 |
| 6 | വായ്പ/വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.**ഏലൂർ** മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.07.2023 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ഏലൂർ** മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:19/03/2024

**ജോയിന്റ് ഡയറക്ടർ**

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ), 58(എഫ്) എന്നിവ പ്രകാരമുള്ള കുറിപ്പുകളും അടിസ്ഥാന അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ഗ്രാന്റുകളുടെ വരവ് ചെലവ് വിവരം ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക പ്രകാരം കൃത്യമല്ല

I-6 Schedule, Other Revenue Grants (160109900) ൽ ചേർത്തിട്ടുള്ള തുക ₹2,75,63,959/-യാണ്. ഇതിൽ ഏതൊക്കെ ഗ്രാന്റുകൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമല്ല. ലെഡ്ജറിലും കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

### 1-1-3 റെസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം ഗ്രാന്റുകളുടെ വരവ് കണക്ക് കൃത്യമല്ല

RP-24 Schedule, Grants -Central Gov (320100100) ൽ ചേർത്തിട്ടുള്ള തുക₹1,48,60,529/-യാണ്. ഇതിൽ (1) PMAY-₹1,20,40,000/-, (2) Health Fund - ₹10,68,642/- , (3)അനുപൂരക പോഷകാഹാരം - ₹14,86,876/- തുടങ്ങിയ ഗ്രാന്റുകളാണ്. ഇവയുടെ ആകെ തുകയും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ലെഡ്ജറിലും കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

### 1-1-4 നഗരസഞ്ചയ പദ്ധതി വിഹിതം വരവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

കൊച്ചി കോർപ്പറേഷൻ നഗരസഞ്ചയ പദ്ധതി വിഹിതമായി 02.08.2020ൽ ലഭിച്ച 90 ലക്ഷം രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

**1-1-5 ശുചിത്വ മിഷൻ ഫണ്ട് വരവു തുക പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല.**

ശുചിത്വ മിഷൻ ഫണ്ട്, സ്വച് ഭാരത് മിഷൻ ഫണ്ട് (യഥാക്രമം₹3,77,094/-, ₹5,66,450/-) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം വ്യക്തമല്ല. കൂടാതെ പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ഈ തുകകൾ ക്രഡിറ്റ് ചെയ്തിട്ടില്ല.

**1-1-6 KWAപൂർത്തികരിക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികൾ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഏലൂർ നഗരസഭയിൽ നിന്നും 2022-23 വർഷം KWA ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ആകെ ₹1,36,98,000/- ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടില്ലാത്തതാണ്. എന്നാൽ ഈ തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 AUGES വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയും ലെഡ്ജറുമായി പൊരുത്തപ്പെടുന്നില്ല**

AUGES വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയും ലെഡ്ജറുമായി പൊരുത്തപ്പെടുന്നില്ല. ലഡ്ജർ പ്രകാരം (Code No 160109900) AUGES ചെലവ് ₹1,13,14,461/- യാണ്. യഥാർത്ഥ ചെലവ് ₹72,34,085.60 യുമാണ്. കൂടാതെ RP-22 പ്രകാരം ഈയിനത്തിൽ വരവു ₹50,25,054/-യും I-14 ൽ 250200100 എന്ന ഹെഡ് കോഡ് പ്രകാരം ചെലവു ₹1,22,85,702/-യുമാണ്. അപാകത പരിഹരിക്കേണ്ടതാണ്.

**1-1-8 AUGES തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ക്രമീകരിക്കുവാനവശേഷിക്കുന്ന തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല**

AUGES ന് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ക്രമീകരിക്കുവാനവശേഷിക്കുന്ന ₹9,19,507 /- B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-1-9 Deposit Register സൂക്ഷിക്കുന്നില്ല**

Deposit Received ഇനത്തിൽ ₹1,47,80,214/- ബാലൻസ് ഷീറ്റ് B-7 Schedule പ്രകാരം ഉണ്ട്. എന്നാൽ Deposit Register, സൂക്ഷിക്കുന്നില്ലാത്തതിനാൽ ഏതൊക്കെ ഇനങ്ങൾക്ക് ലഭിച്ച ഡെപ്പോസിറ്റ് തുകകൾ ആണെന്ന് വ്യക്തമല്ല. ലെഡ്ജർ മുഖേനയും ഏതൊക്കെ ഇനങ്ങൾക്ക് ലഭിച്ച ഡെപ്പോസിറ്റ് തുകകൾ ആണെന്ന് വ്യക്തമല്ല.

**1-1-10 തനത് ഫണ്ട് റിക്കൺസിലിയേഷൻ കൃത്യമല്ല**

തനത് ഫണ്ട് (450210200) (BOB) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് അക്കൗണ്ട് ബാലൻസ് തുക ₹6,96,68,473/-യാണ്. യഥാർത്ഥ ബാങ്ക് അക്കൗണ്ട് ബാലൻസ് തുക ₹6,89,99,012/- അപാകത പരിഹരിക്കേണ്ടതാണ്

**1-1-11 CFCഗ്രാന്റ്- ബാങ്ക് റിക്കൺസിലിയേഷൻ കൃത്യമല്ല**

CFC- റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് അക്കൗണ്ട് ബാലൻസ് തുക ₹24,17,208/-യാണ്. യഥാർത്ഥ ബാങ്ക് അക്കൗണ്ട് ബാലൻസ് തുക ₹28,74,366/-രൂപ. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

**1-1-12 PMAY ചെലവ്- വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

PMAY – വാർഷിക ധനകാര്യ പത്രികയിലെ ചെലവായി ചേർത്തിട്ടുള്ള തുക സുലേഖ ചെലവ് രേഖയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-13 പെൻഷൻ ഫണ്ട്- വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

പെൻഷൻ ഫണ്ട് തൻ വർഷം ലഭിച്ച അലോട്ട് മെന്റ് തുക, ചെലവു തുക , ലഭിക്കാനുള്ള തുക എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. പെൻഷൻ ഫണ്ട് ഫയലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

**1-1-14 വാർഷിക ധനകാര്യ പത്രിക- HUDCO ലോൺ ബാലൻസ് തുക കൃത്യമല്ല**

വർഷാവസാനം നഗരസഭയ്ക്കുള്ള HUDCO ലോൺ തുക ₹1,04,40,001/-. തൻ വർഷം പ്രോജക്റ്റുകൾ മുഖേന തിരിച്ചടവ് നടത്തിയ തുക ₹8,66,668/-. യഥാർത്ഥ തിരിച്ചടവ് തുക₹95,73,333/-. വ്യത്യാസം ₹8,40,000/- അപാകത പരിഹരിച്ച് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടതാണ്.

**1-1-15 വാർഷിക ധനകാര്യ പത്രിക- സ്ഥിര നിക്ഷപത്തിൽ വ്യത്യാസം**

2022-23വർഷം വാർഷിക ധനകാര്യ പത്രിക (ബി.12 ഷെഡ്യൂൾ, കോഡ് 420800100) പ്രകാരം ഓഡിറ്റ് വർഷാവസാനം നഗരസഭയ്ക്കുള്ള സ്ഥിരനിക്ഷേപം ₹22,10,267/- യാണ് യഥാർത്ഥ സ്ഥിര നിക്ഷേപം ₹24,30,321/-. അപാകത പരിഹരിക്കേണ്ടതാണ്

**1-1-16 മെയിന്റനൻസ് ഗ്രാന്റ് അലോട്ട്മെന്റ തുക ₹21,03,350/- ACR ൽ ഉൾപ്പെടുത്തിയിട്ടില്ല.**

മെയിന്റനൻസ് ഗ്രാന്റ് അലോട്ട്മെന്റ തുക ₹21,03,350/- ACR ൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-17 വിവിധ ഗ്രാന്റ് തുകകൾ ACR ലും AFSലും സുലേഖ ചെലവു പത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.**

ഓഡിറ്റ് വർഷത്തിൽ നഗരസഭയുടെ ഗ്രാന്റ് വിനിയോഗം- വികസന ഫണ്ട് (ജനറൽ), (എസ് സി പി), CFC ഗ്രാന്റ് എന്നിവയും

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വാർഷിക പദ്ധതി ചെലവ്, വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുകകൾ ,എ സി ആർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കേണ്ടതോ അല്ലെങ്കിൽ കുറിപ്പായി രേഖപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

**1-1-18 Buds Special School- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ക്രമീകരക്കുവാൻ അവശേഷിക്കുന്ന തുക- B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല**

ബഡ്സ് സ്പെഷ്യൽ സ്കൂളിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക- B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-1-19 റെൻറ് രജിസ്റ്റർ കൃത്യമല്ല**

വാർഷിക ധനകാര്യ പത്രിക B-7 ഷെഡ്യൂൾ പ്രകാരം റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ ₹8,73,218/- വരവുണ്ട്. എന്നാൽ റെൻറ് എഗ്രിമെന്റ് ഫയൽ, രജിസ്റ്റർ, Rent Deposit Register എന്നിവയും കൃത്യമായ രീതിയിൽ നഗരസഭ സൂക്ഷിക്കുന്നില്ല. റെന്റ് കളക്ഷൻ സംബന്ധിച്ച കൃത്യമായ രേഖകൾ നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്.

**1-1-20 Lease Of Lands-രേഖകൾ സൂക്ഷിക്കുന്നില്ല**

വാർഷിക ധനകാര്യ പത്രിക RP-37 ഷെഡ്യൂൾ പ്രകാരം ലീസ് ഓഫ് ലാന്റ് ഇനത്തിൽ ₹2,10,960 /- വരവുണ്ട്. Lease Of Lands എഗ്രിമെന്റ് ഫയൽ, രജിസ്റ്റർ, Lease Of Lands Deposit Rgister ആകെ ലീസിനു നല്കിയ സ്ഥലങ്ങളുടെ വിവരം തുടങ്ങിയവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**1-1-21 ഗ്രാമ വണ്ടി- ഡെപ്പോസിറ്റ് തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഗ്രാമ വണ്ടി- ക്രമീകരിക്കാത്ത ഡെപ്പോസിറ്റ് തുക ഒരു ലക്ഷം രൂപ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-22 വരവ് ഇനങ്ങളുടെ DCB കൃത്യമല്ല**

വരവ് ഇനങ്ങളുടെ DCB കൃത്യമല്ല. പല ഇനങ്ങൾക്കും കൃത്യമായ രജിസ്റ്റർ/ രേഖകൾ സൂക്ഷിച്ചിട്ടില്ല

**1-1-23 അമൃത് ഫണ്ട് ബാങ്ക് അക്കൌണ്ട് AFSൽ ഉൾപ്പെടുത്തിയിട്ടില്ല.**

അമൃത് ഫണ്ട് പദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൌണ്ട് AFSൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് 18.3.2022 തീയതിയിൽ നടന്ന പ്രത്യേകയോഗത്തിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2022-2023 ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | ₹6,35,02,523 |
| വരവ് | ₹32,14,79,350 |
| ആകെ | ₹38,49,81,873 |
| ചെലവ് | ₹35,70,04,022 |
| നീക്കിയിരിപ്പ് | ₹2,79,77,851 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | ₹9,34,11,255.33 |
| വരവ് | ₹17,87,50,769.00 |
| ആകെ | ₹27,21,62,024.33 |
| ചെലവ് | ₹16,49,44,196.00 |
| നീക്കിയിരിപ്പ് | ₹10,72,17,828.33 |

വാർഷിക ധനകാര്യപത്രികയിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കണക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും വരവു ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ട് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 18317349 | 18317349 | 18212294 | | 105055 |
| വികസനഫണ്ട്-SCP | 0 | 21193861 | 21193861 | 10504974 | | 10688887 |
| വികസനഫണ്ട്-TSP | 0 | 448000 | 448000 | 223000 | | 225000 |

| | | | | | | |
|---|---|---|---|---|---|---|
| CFC Grant-Basic(treasury) | 0 | 1965237 | 1965237 | 769049 | | 1196188 |
| CFC Grant -Tied(treasury) | 0 | 7972788 | 7972788 | 511262 | | 7461526 |
| CFC Grant | 8772892 | 14028945 | 22801837 | 20426025 | 2375812 | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 7549000 | 7549000 | 6621455 | | 927545 |
| മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 0 | 6842650 | 6842650 | 6010165 | | 832488 |
| ദുരിതാശ്വാസനിധി 311100100 | 203836 | 103670+ 37512 | 345018 | 200512 | 144506 | |
| MP/MLA ഫണ്ട് 311710100 | 1927726 | 857075 | 1927726 | 857075 | 1927726 | |
| NULM, PMAY, Swachch Bharath, Anganwaddi Nutrition 320100100 | 324692 | 14028945 | 22801837 | 20426025 | 1945949 | |
| NULM | 500 | 151157 | 151657 | 151657 | | |
| Swachch Bharath, | 548017 | 11638 | 559655 | O | 559655 | |
| Anganwadi Nutrition | 493595 | 1486876 | 1980471 | 1000000 | 980471 | |
| ആരോഗ്യഫണ്ട് 320200206 | 100 | 8320496 | 8320596 | 100 | 8320496 | |
| Donations To Pandemic/Epidemic Control 320809700 | 389100 | 0 | 389100 | 0 | 389100 | |
| Pre-monsoon,BUDS, CSR ഫണ്ടുകൾ 320809900 | 2991031 | 764949 | 3755980 | 2995408 | 760572 | |
| സാക്ഷരത | 79417 | 2207 | 81624 | 0 | 81624 | |
| BSUP | 315959 | 18752 | 334711 | 0 | 334711 | |
| Health Fund | | 1068642 | 1068642 | 1068642 | | |

1)വികസനഫണ്ട്-(ജനറൽ) നിന്നും ലോൺ തിരിച്ചടവിനായി ₹8,66,668/-, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ ₹12,70,200/- എന്നിങ്ങനെ ഉറവിടത്തിൽ കുറവ് ചെയ്തു.

2)ദുരിതാശ്വാസനിധി, MLA ഫണ്ട്, BUDS എന്നിയുടെ മുന്നിരിപ്പ് വരവ് ചെലവ് തുകകൾ കൃത്യമായല്ല അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുള്ളത്.

3)വാർഷികധനകാര്യപത്രികയിൽ NULM, PMAY, Anganwadi Nutrition എന്നിവയ്ക്കുള്ള Central Fund ലെ തുകകൾ, Revenue Grant തുകകൾ എന്നിവ പ്രത്യേകം ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

4)വികസനഫണ്ട് 1-6 ഷെഡ്യൂൾ പ്രകാരമുള്ള ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

5)വികസനഫണ്ട് – എസ്.സി.പി 1-6 ഷെഡ്യൂൾ പ്രകാരമുള്ള ചെലവും ACR പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

6) മെയിന്റനൻസ് ഗ്രാന്റ് അലോട്ട്മെന്റ് പൂർണ്ണമായും ACR ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ചത് (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|---|
| 318 | 203164538 | 198 | 87081363 | 82 | 120 | 116 | 36.48 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|
| 1290952 | 5944680 | 7235632 | 7234085 | 1546 |

തൻവർഷം ₹5000000/- ട്രഷറിയിലും ₹25173/- ബാങ്ക് പലിശയും ₹919507/-തനത് ഫണ്ടും ഉൾപ്പെടുന്നതാണ് വരവായി എടുത്തിട്ടുള്ളത്. നീക്കിയിരിപ്പായി ബാങ്കിൽ ₹1427/-, ₹ 119/- ട്രഷറിയിലും ഉണ്ട്. ഇത് ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല,

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 302400 | 23 |
| വിധവാപെൻഷൻ | 13533800 | 1165 |
| വാർദ്ധക്യകാലപെൻഷൻ | 34014700 | 2906 |
| വികലാംഗപെൻഷൻ | 2925200 | 247 |

| | | |
|---|---|---|
| അവിവാഹിത-50 വയസ്സിന് മുകളിൽ | 581800 | 56 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |
| മിശ്ര വിവാഹ ധനസഹായം | 180000 | 6 |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2024 ന് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1394/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. നഗരസഭയുടെ വരവു ചെലവു കണക്കുകൾ വ്യക്തമാക്കുന്ന വാർഷിക ധനകാര്യ പത്രിക അശ്രദ്ധമായാണ് തയ്യാറാക്കിയിട്ടുള്ളത്. പല വരവു ചെലവു കണക്കുകളും ഗ്രാന്റുകൾ ഉൾപ്പെടെ വാർഷിക ധനകാര്യ പത്രിക പ്രകാരം കൃത്യത ഉറപ്പാക്കുന്നില്ല. നഗരസഞ്ചയ വരവ് 90 ലക്ഷം രൂപ വാർഷിക ധനകാര്യ പത്രികയയിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക വളരെ കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്.

2. നഗരസഭയിലെ സുപ്രധാന രേഖയായ ജനറൽ കമ്മിറ്റി മിനിട്ട്സ് ബൈൻഡ് ചെയ്യാതെ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നു.

3. വസ്തുനികുതി ഇനത്തിൽ 3 കോടിയോളം രൂപ കുടിശ്ശിക ഉണ്ടെങ്കിലും അതു സംബന്ധിച്ച കൃത്യമായ രേഖകൾ നഗരസഭയിൽ ഇല്ല.

4. പൊതു ടാപ്പുകളുടേയും തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. മുൻകൂർ നൽകിയ തുകകൾ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നു.

6.ഹെൽത്ത് ഗ്രാന്റിനത്തിൽ 83 ലക്ഷം രൂപയോളം ലഭ്യമായിട്ടും തൻവർഷം ആരോഗ്യമേഖലയ്ക്കായി യാതൊരു പദ്ധതിയും നടപ്പാക്കിയില്ല

7.ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. ബാലൻസ് ഷീറ്റ് പ്രകാരം 1 കോടിയിലധികം തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല . റെന്റ് രേഖകൾ പൂർണ്ണമല്ല.

8. പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

9.നഗരസഭ ലീസിനു എടുത്തിട്ടുള്ള പാതാളം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലം നഗരസഭ ആസ്തിയാക്കുന്നതിൽ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

10. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. ഉദാ- കമ്മ്യൂണിറ്റി ഹാൾ

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോർമൻസ് ഓഡിറ്റ് | 31.11.2015 മുതൽ 04.12.2015 വരെ | 2010- 11 മുതൽ 2015-16 വരെ | 10.01.2018 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.07.2018 മുതൽ 24.07.2018 വരെ | 2014-15 മുതൽ 2017-18 വരെ | 14.09.2018 |

**1-11 തനതു വരുമാനം അവലോകനം**

31 വാർഡുകളിലായി വ്യാപിച്ചാണ് ഏലൂർ നഗരസഭ സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി- നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ വിശദാംശങ്ങൾ

ഏലൂർ നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തിലെ പ്രധാന വരവുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

വസ്തു നികുതി

I)വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് നാളിതുവരെ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വസ്തുനികുതി (തൻവർഷ കുടിശ്ശിക) | ₹9,215,775.00 |
| വസ്തുനികുതി (മുൻ വർഷ കുടിശ്ശിക) | ₹20,398,919.00 |
| ആകെ | ₹29,614,694.00 |

കോടതി കേസുകളുമായി ബന്ധപ്പെട്ട് നികുതി കുടിശ്ശികയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ | കെട്ടിടങ്ങളുടെ എണ്ണം | കുടിശ്ശിക |
|---|---|---|---|

| | | | (₹) |
|---|---|---|---|
| 1 | ഫാൽക്കൺ ഇൻഫ്ര. ലിമിറ്റഡ് | 142 | 88,42,732 |
| 2 | വി.ടി തോമസ്, വാടയ്ക്കൽ | 4 | 6,95,824 |
| 3 | പി.പി ജേക്കബ് | 1 | 1,10,870 |
| 4 | കസ്തൂർബ സ്കൂൾ | 2 | 3,11,589 |
| 5 | ഗാർഡിയൻ ഏഞ്ചൽസ് | 8 | 14,51,138 |
| 6 | സെന്റ് ആൻസ് | 2 | 27,29,587 |
| | | ആകെ | 1,41,41,740 |

ii)അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ 85 കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 12 കെട്ടിടങ്ങൾ റഗുലറൈസ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 73 അനധികൃത കെട്ടിടങ്ങളിൽ 60 കെട്ടിടങ്ങളാണ് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

2022-23 വർഷത്തെ നികുതി പിരിവ് കാര്യക്ഷമമല്ലാത്തിതിനാൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് നഗരസഭയ്ക്ക് അനുവദിക്കപ്പെട്ടിട്ടില്ല. ആയതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിൽ നടപ്പ് സാമ്പത്തിക വർഷം വാടക കുടിശ്ശിക ഇനത്തിൽ വലിയ തുകകൾ നഗരസഭയ്ക്ക് ലഭിക്കാനുണ്ട്. നഗരസഭയ്ക്ക് വാടക ഇനത്തിൽ (Rent Receivable From Civic Amenities) നാളിതുവരെ ലഭിക്കാനുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2021-22 വർഷത്തെ B-15 ഷെഡ്യൂൾ പ്രകാരം റെന്റ് റിസീവബിൾ ആയി ചേർത്തിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

| Code No | Particulars | Amount |
|---|---|---|
| 431400101 | Rent Receivable From Civic Amenities(Current) | 754504/- |
| 431400102 | Rent Receivable From Civic Amenities(Arrear) | 564873/- |
| | Total | 13,19,377 |

മേൽ കുടിശ്ശിക തുകയിൽ 2022-23 വർഷം RP-37 ഷെഡ്യൂൾ പ്രകാരം റെന്റ് റിസീവബിൾ ആയി ₹2,83,358/- വരവ് വന്നിട്ടുണ്ട്. ആയത് പ്രകാരം കുടിശിക ₹10,36,019 /- കളക്ഷൻ നടത്തിയിട്ടില്ല. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നഗരസഭ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൊഴിൽ നികുതി

പൂർണ്ണമായ സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കുകയോ, ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നു എന്ന് ഉറപ്പുവരുത്താനാകുന്നില്ല. സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, കോളേജുകൾ, മറ്റുവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബാങ്കുകൾ, സഹകരണ സംഘങ്ങൾ, കേന്ദ്ര-സംസ്ഥാന അതോറിറ്റികൾ, ബോർഡുകൾ, കമ്പനികൾ, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മറ്റ് സ്ഥാപനങ്ങൾ /ഇൻസ്റ്റിറ്റ്യൂഷനുകൾ മുതലായവയുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റുകൾ തയ്യാറാക്കി ലിസ്റ്റിലെ ക്രമപ്രകാരം വാർഡ് തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലൈസൻസ്

ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നഗരസഭയുടെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. ലൈസൻസ് അപാകതകളുടെ വിവരം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ

1)നഗരസഭ വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക കുടിശ്ശിക കൃത്യമായി ഈടാക്കേണ്ടതും വലിയ തുകകൾ കുടിശ്ശിക ഇനത്തിൽ വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2)ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുന്നത് രേഖപ്പെടുത്തുവാനായി വാർഡ് തലത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും ലൈസൻസ് ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കൃത്യമായി ഈടാക്കേണ്ടതുമാണ്.

3)നഗരസഭ പരിധിയിൽ ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഫീൽഡുതല പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും, ഡിവിഷൻ അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഓരോ സാമ്പത്തിക വർഷത്തിലും ഫീൽഡുതല പരിശോധനയുടെ അടിസ്ഥാനത്തിൽ പുതുക്കേണ്ടതുമാണ്.

4)നഗരസഭ ഡിവിഷനുകളിലെ കെട്ടിടങ്ങളുടെ വർഷംതോറുമുള്ള വസ്തു നികുതി കുടിശ്ശിക റിപ്പോർട്ടുകൾ പ്രകാരം കുടിശ്ശിക വരുത്തുന്ന കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിലെ മുൻവർഷങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക രേഖപ്പെടുത്തി വാർഷിക കണക്കുകൾ കൃത്യമാക്കേണ്ടതാണ്.

5)അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെ വിവരങ്ങൾ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ

ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### 1-12 രസീത് പരിശോധന അപാകതകൾ

നഗരസഭയിലെ മാന്വൽ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)350 -ാം നമ്പർ രസീത് ബുക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർക്ക് വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഏത് തീയതിയിൽ വിതരണം ചെയ്തു എന്ന വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2) കേരള ട്രഷറി കോഡ് ആർട്ടിക്കിൾ 90(ബി) യിലെ കുറിപ്പ് 2 പ്രകാരം രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ പുസ്തകം ഉപയോഗിക്കുവാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്കുകൾ ഉപയോഗം പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.

3)രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് പണം ഒടുക്കുന്ന വ്യക്തിക്ക് നൽകുന്നതിനു പകരം ഒറിജിനൽ രസീതുകൾ വിതരണം ചെയ്തിരിക്കുന്നു.

ഉദാ : A)കൃഷി ഓഫീസർക്ക് നൽകിയ 342-ാം നമ്പർ രസീത് ബുക്കിലെ 34101 മുതൽ 34177 വരെയുള്ള രസീതുകൾ

B)സാനിറ്ററി ഇൻസ്പെക്ടർക്ക് നൽകിയ 343-ാം നമ്പർ രസീത് ബുക്കിലെ 34201 മുതൽ 34221 വരെ, 34230 മുതൽ 34265 വരെയുള്ള രസീതുകൾ.

4)രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് പണം ഒടുക്കുന്ന വ്യക്തിക്ക് വിതരണം ചെയ്യാതെ രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു.

ഉദാ: 343/34222-34229, 34266-34295, 34298, 342300

5)03.09.2023 മുതൽ 21.09.2023 വരെയുള്ള വിവിധ തീയതികളിൽ 200, 300, 400, 500, 550, 600, 700, 750, 1000 എന്നിങ്ങനെ വരവ് വന്ന കളക്ഷൻ തുകകൾ, 343 -ാം നമ്പർ രസീത് ബുക്കിലെ , 34300 -എന്ന രസീതിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു(ആകെ കളക്ഷൻ തുക : ₹13050/- ഒടുക്കിയ തീയതി : 25.09.2023). പ്രസ്തുത തുകകൾ ഒടുക്കിയ വ്യക്തികൾക്ക് രസീത് നൽകിയിട്ടില്ല.

6)03.09.2023 മുതൽ 21.09.2023 വരെയുള്ള തീയതികളിൽ വരവ് വന്ന മേൽ കളക്ഷൻ തുകകൾ അതേ ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ നഗരസഭയിൽ ഒടുക്കാത്തതിനു വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1)കേരള ട്രഷറി കോഡ് ആർട്ടിക്കിൾ 90(ബി) യിലെ കുറിപ്പ് 2 പ്രകാരം രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ പുസ്തകം ഉപയോഗിക്കുവാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

2)രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് പണം ഒടുക്കുന്ന വ്യക്തിക്ക് നൽകേണ്ടതും ഒറിജിനൽ രസീതു ബുക്കിൽ സൂക്ഷിക്കേണ്ടതുമാണ്.

3)കളക്ഷൻ തുകകൾ അതേ ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ നഗരസഭയിൽ ഒടുക്കേണ്ടതും ആയതിന്റെ രസീത് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.37/31.01.2024) മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്.

### 1-13 കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവിധ വാർഡുകളിലെ വസ്തു നികുതി കുടിശ്ശികയുടെ വിവരങ്ങൾ പരിശോധിച്ചതിൽ നഗരസഭയിലെ മിക്ക വാർഡുകളിലെയും പല കെട്ടിടങ്ങളുടെയും വസ്തു നികുതി ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. ഇതിൽ നിന്നും വളരെയധികം കുടിശ്ശിക ഉള്ള ചില കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം/ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | വസ്തു നികുതി കുടിശ്ശിക (₹) | ഈടാക്കേണ്ട കാലയളവ് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | 25/328, 146.37 ച.മീ | ത്രേസ്യാമ്മ കുരുവിള, അയിനിക്കൽ | 81255 | 2015-16 മുതൽ 2022-23 വരെ | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) |
| 2 | 17/136, 437 ച.മീ | ഫാക്ട് ലിമിറ്റഡ്,ഉദ്ധ്യോഗമണ്ഡൽ | 136684 | 2016-17 മുതൽ 2022-23 വരെ | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ |
| 3 | 6/410 A, 710 ച.മീ | മെർക്കം ലി., ഏലൂർ നോർത്ത്, ഉദ്യോഗമണ്ഡൽ | 390145 | 2016-17 മുതൽ 2022-23 വരെ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ |
| 4 | 6/410 C, 815 ച.മീ | മെർക്കം ലി., ഏലൂർ നോർത്ത്, ഉദ്യോഗമണ്ഡൽ | 447846 | 2016-17 മുതൽ 2022-23 വരെ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ |
| 5 | 6/411 A29, 812.84 ച.മീ | ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡസ് ലി. | 101425 | 2022-18 മുതൽ 2022-23 വരെ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ |
| 6 | 6/413 A19, | M/Sഎഫ്.എ.സി.റ്റി. | 155324 | 2016-17 മുതൽ | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ |

| | | | | | |
|---|---|---|---|---|---|
| | 286 ച.മീ. | ലിമിറ്റഡ് | | 2022-23 വരെ | ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) |
| 7 | 19/439 A, 863.8 ച.മീ. | ദി മാനേജർ,ഗാർഡിയൻ എയ്ഞ്ചൽസ് , മഞ്ഞുമ്മൽ | 176133 | 2013-14 മുതൽ 2022-23 വരെ | വിദ്യാഭ്യാസാവശ്യം |
| 8 | 19/439 H 1774.2 ച.മീ | പ്രിയോർ ജനറൽ ഒസിഡി ആശ്രമം | 261152 | 2016-17 മുതൽ 2022-23 വരെ | വിദ്യാഭ്യാസാവശ്യം |
| 9 | 19/439 A1 , 863.8ച.മീ | ഗാർഡിയൻ ഏഞ്ചൽ പബ്ലിക് സ്കൂൾ | 154359 | 2013-14 മുതൽ 2022-23 വരെ | വിദ്യാഭ്യാസാവശ്യം |
| 10 | 19/439 G, 1118.04 ച.മീ | ഗാർഡിയൻ ഏഞ്ചൽ പബ്ലിക് സ്കൂൾ | 206842 | 2014-15 മുതൽ 2022-23 വരെ | വിദ്യാഭ്യാസാവശ്യം |

മുകളിൽ വിവരിച്ച കെട്ടിടങ്ങൾ ഉൾപ്പെടെ, 2022-23 സാമ്പത്തിക വർഷത്തെ AFS – ലെ ബാലൻസ് ഷീറ്റ് പ്രകാരം (B-15) വസ്തുനികുതി ഇനത്തിൽ ₹29,614,694.00 കുടിശ്ശിക വന്നിട്ടുണ്ട് . കുടിശ്ശിക വരുത്തിയ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുവാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(61/05.02.2024) മറുപടി ലഭ്യമാക്കിയില്ല.

മുകളിൽ സൂചിപ്പിച്ച കെട്ടിടങ്ങൾ ഉൾപ്പെടെ നഗരസഭയിലെ 31 വാർഡുകളിലെയും വർഷങ്ങളായി കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ടതായ കുടിശ്ശിക കണക്കാക്കി ആയത് ഈടാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14 മൊബൈൽ ടവറിന്റ വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു

26.02.2022 ലെ സർക്കുലർ നമ്പർ (ആർ.ഡി) 3/94/2020/ത.സ്വ.ഭ.വ പ്രകാരം വസ്തു നികുതി നിർണ്ണയത്തിനായി മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം കണക്കാക്കുമ്പോൾ ടവറിന്റെ തറ വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. 2022-23 വർഷം വസ്തു നികുതി നിർണ്ണയിച്ച മൊബൈൽ ടവറിന് മേൽ സർക്കുലർ പ്രകാരം വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. വിശദവിവരം ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

### 1-15 കാർഷികാഭിവൃദ്ധി ഫണ്ടിലേക്ക് അടവാക്കേണ്ട ഫീസ് നഗരസഭയുടെ ഫണ്ടിൽ അടവാക്കി

2018 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ(ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 12(9) പ്രകാരം സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ, അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്. റവന്യു വകുപ്പിന്റെ സർക്കുലർ നമ്പർ REV-P1/307/2019/-REV തീയതി : 09.12.2019 പ്രകാരം പ്രസ്തുത ഫീസ് കാർഷികാഭിവൃദ്ധി ഫണ്ടിലേക്ക് (ശീർഷകം : 0029-800-88 ) അടവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഏലൂർ നഗരസഭയിലെ ശ്രീ.മജീദ് പി.റ്റി & ശ്രീമതി.ജസീല മജീദ്, പള്ളിമുറ്റത്ത് വീട്ടിൽ, ഏലൂർ വടക്കുംഭാഗം കര- എന്നയാളുടെ ഉടമസ്ഥതയിലുള്ള പറവൂർ താലൂക്ക്, ഏലൂർ വില്ലേജ്, ബ്ലോക്ക് 13, റീ സർവ്വേ നമ്പർ 5-ൽ ഉൾപ്പെടുന്നതു 15779 തണ്ടപ്പേർ പ്രകാരമുള്ളതും റവന്യു രേഖകളിൽ "നിലം" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ 02.83 ആർ വിസ്തീർണ്ണം ഉള്ളതുമായ വസ്തു ഫോർട്ട്കൊച്ചി സബ്കളക്ടറുടെ 24.03.2022 തീയതിയിലെ കെ4-1081/2021 നമ്പർ നടപടിക്രമം പ്രകാരം മേൽ ചട്ടപ്രകാരമുള്ള നിബന്ധന കൂടി ഉൾപ്പെടുത്തി സ്വഭാവ വ്യതിയാനം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്. കൂടാതെ ഏലൂർ നഗരസഭ സെക്രട്ടറി, മേൽ വസ്തുവിൽ 3000 ചതുരശ്ര അടിക്ക് കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടം നിർമിക്കുന്ന പക്ഷം അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ നിരക്കിലുള്ള ഫീസ് കൂടി ഒടുക്കിയ ശേഷം മാത്രം പെർമിറ്റ് അനുവദിക്കേണ്ടതാണെന്നും മേൽ നടപടി ക്രമത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത വസ്തുവിൽ 3187.76ച.അടി (296.26 ച.മീറ്റർ) വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് താഴെ ചേർക്കും പ്രകാരമുള്ള പെർമിറ്റ് ഫീ ഈടാക്കി 19.01.2023 തീയതിയിൽ BA(268)/2022-23 നമ്പറായി നഗരസഭ ടിയാന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ചട്ടം 12(9) പ്രകാരം 3000 ച.അടിയേക്കാൾ അധികരിച്ച നിർമിച്ച വിസ്തീർണ്ണത്തിന് ഒടുക്കേണ്ട ഫീസ് കാർഷികാഭിവൃദ്ധി ഫണ്ടിലേക്ക് അടവാക്കുന്നതിനു പകരം 19.01.2023 തീയതിയിലെ 122020106586 -ാം നമ്പർ രസീത് പ്രകാരം നഗരസഭയുടെ ഫണ്ടിലേക്കാണ് അടവാക്കിയത്. ആയതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/27.01.2024) കാർഷികാഭിവൃദ്ധി ഫണ്ടിലേക്ക് അടവാക്കേണ്ട ₹18776/- അടിയന്തിരമായി പ്രസ്തുത ഫണ്ടിൽ ഒടുക്കിയശേഷം ആയതിന്റെ രസീത് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

| | |
|---|---|
| പെർമിറ്റ് ഫീ | 296.26 * 10 = ₹2963 |
| 3000 ച.അടിയേക്കാൾ അധികരിച്ച നിർമിച്ച വിസ്തീർണ്ണത്തിന് ചട്ടം 12(9) പ്രകാരം ഒടുക്കേണ്ട ഫീസ് | 187.76 – 100 = ₹18776/- |
| ആകെ ഈടാക്കിയ പെർമിറ്റ് ഫീ | 2963 + 18776 = ₹21739/- (രസീത് നം:122020106586 തീയതി : 19.01.2023) |

### 1-16 സ്ഥാപന തൊഴിൽ നികുതി-അപാകതകൾ

1. സ്ഥാപനങ്ങളുടെ വരുമാനം അനുസരിച്ചുള്ള തൊഴിൽ നികുതി കണക്കാക്കി ഡിമാന്റ് നൽകുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല. മുൻവർഷം അടവാക്കിയ നികുതി തന്നെ തൻവർഷവും അടയ്ക്കുന്ന രീതിയാണ് തുടരുന്നത്. ലിസ്റ്റ് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന അർദ്ധ വാർഷിക വരുമാനത്തിന്റെ കൃത്യത ഉറപ്പുവരുത്തി അതിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ച് ഈടാക്കുന്നു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

2. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ നഗരസഭ പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം സ്ഥാപന തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്റർ പ്രകാരമുള്ള വരവും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവും

പൊരുത്തപ്പെടുത്തിയിട്ടില്ല.

മുൻവർഷത്തെ പുതിയ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിച്ച ലിസ്റ്റിലെ ക്രമപ്രകാരം ഡിവിഷൻ തിരിച്ച് സ്ഥാപനങ്ങളെ ചേർത്ത് വർഷാദ്യം തന്നെ രജിസ്റ്റർ തയ്യാറാക്കേണ്ടതും ഓരോ സ്ഥാപനങ്ങളും അടവാക്കിയ നികുതി വിശദാംശങ്ങൾ അതത് സമയത്ത് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. ഓരോ അർദ്ധവർഷത്തിന് ശേഷവും രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വർഷാവസാനം രജിസ്റ്റർ പ്രകാരം അടവാക്കിയ ആകെ തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുത്തി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

2022-23 ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ കൃത്യമാക്കി ഡി സി ബി പത്രിക തയ്യാറാക്കി ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിയ്ക്കുകയോ കുടിശ്ശിക സ്ഥാപനങ്ങളെ കണ്ടെത്തി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. രജിസ്റ്റർ കൃത്യമാക്കി വർഷാവസാനം നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റനുസരിച്ച് കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തേണ്ടതും കുടിശ്ശിക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്

4)തൻവർഷം സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ ₹1334750/- യാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡിമാന്റ് കണക്കാക്കിയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5)ധനകാര്യ പത്രികയിൽ പ്രയർ പിരിയഡ് എന്ന ഹെഡിൽ തൊഴിൽ നികുതി ഇനത്തിൽ ₹56935/- ചെലവ് രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

6). പഞ്ചായത്തിൽ അസംബ്ലി കെട്ടിടം, ഓഡിറ്റോറിയം, എന്നീ ഇനങ്ങളിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റോറിയങ്ങൾക്കുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. കെട്ടിടങ്ങൾ പരിശോധിച്ച് നികുതി അടവാക്കി അറിയിക്കേണ്ടതാണ്.

7). 2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ മരാമത്ത് വേലകൾ നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിവരങ്ങളും സ്വകാര്യ ഡോക്ടർമാർ, ചാർട്ടേർഡ് അക്കൗണ്ടന്റ്മാർ മറ്റ് പ്രൊഫഷണൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

8)നഗരസഭ പരിധിയിൽ പ്രവർത്തിയ്ക്കുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, ആധാരം എഴുത്ത് സ്ഥാപനങ്ങൾ, ഡ്രൈവിങ്ങ് സ്കൂൾ, റേഷൻ കടകൾ, കംപ്യൂട്ടർ സെന്ററുകൾ, അക്ഷയ സെന്ററുകൾ, കള്ള് ഷാപ്പുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

9. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപനനികുതി അടച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ക്രമ നം 1 മുതൽ 9 വരെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 31-1-24 ഓഡിറ്റ് എൻക്വയറി നം 41- ന് മറുപടി നൽകിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

10. 2022-23 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ച താഴെ ചേർത്ത സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എച്ച് ഐ എൽ കൺസ്യൂമർ സ്റ്റോർ | I St & II |
| 2 | കടുങ്ങല്ലൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I St & II |
| 3 | കെ എസ് ഇ ബി | I St & II |
| 4 | മാതൃഭൂമി പ്രിന്റിങ്ങ് & പബ്ലിഷിങ്ങ് ലിമിറ്റഡ് | I St & II |
| 5 | കേരള മെഡിക്കൽ സർവീസ് കോർപറേഷൻ | I St & II |
| 6 | G4S സെക്യൂവർ സൊലൂഷൻസ | I St & II |
| 7 | ഫാകട് ലിമിറ്റഡ് | I St & II |
| 8 | സപ്ലൈകോ ഡിപ്പോ | I St & II |
| 9 | എസ് ബി ഐ , ഏലൂർ | I St & II |
| 10 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ് ലിമിറ്റഡ് | I St & II |
| 11 | ഡി ഡി ആർ സി ഡയഗ്നോസ്റ്റിക് | I St & II |
| 12 | എച്ച് ഐ എൽ കാന്റീൻ | I St & II |
| 13 | ജെ കെ ഫ്യുവൽസ് | I St & II |
| 14 | ടി സി സി ലിമിറ്റഡ് | I St & II |
| 15 | ഐ ആർ ഇ എൽ ലിമിറ്റഡ് | I St & II |
| 16 | മാധ്യമം ബ്രോഡ്കാസ്റ്റിങ്ങ് ലിമിറ്റഡ് | I St & II |
| 17 | മിന്റ് ലോജസ്റ്റിക്സ് | I St & II |

| | | |
|---|---|---|
| 18 | എ എസ് കെ രത്നസാമി നാടാർ | I St & II |
| 19 | ഗ്രേ മാറ്റർ | I St & II |
| 20 | ശബരി ഡിസ്ട്രിബ്യൂഷൻ (പി)ലിമിറ്റഡ് | I St & II |
| 21 | എസ് ബി ഐ, ഉദ്യോഗമണ്ഡൽ | I St & II |
| 22 | മറിയം ട്രസ്റ്റ് ഹെർബെ മിനറൽസ് | I St & II |
| 23 | സേഫ് ഗ്യാസ് ടെക് | I St & II |
| 24 | മുത്തൂറ്റ് ഫിൻ കോർപ്പ്, മഞ്ഞുമ്മൽ | I St & II |
| 25 | Peotagon Associates | I St & II |
| 26 | കൊച്ചിന ഇന്റർ നാഷണൽകണ്ടെയനർ ഫ്രൈറ്റ് സ്റ്റേഷൻ | I St & II |
| 27 | C Ma Se | I St & II |
| 28 | ജാസ് സെക്യൂരിറ്റി സർവീസ് | I St & II |
| 29 | Sprigger Gardner Pvt Ltd | I St & II |
| 30 | CPL Logestics | I St & II |
| 31 | ശ്രീ ഹരി അലൂമിനിയം സ്റ്റീൽസ് | I St & II |
| 32 | ലൈവ്പാസ്റ്റ് ബാറ്ററീസ് | I St & II |
| 33 | Creative Agencies | I St & II |
| 34 | Keshva Bhajld Gas | I St & II |

ക്രമ നം. 10 ൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 3.2.24 ലെ 54 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഈ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

അപാകതകൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതുമാണ്. സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ പരാമർശങ്ങളായി ചേർത്തിട്ടുണ്ടെങ്കിലും കാര്യക്ഷമമായ നികുതി പിരിവിനുള്ള തുടർ നടപടികൾ നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-17 ജീവനക്കാരുടെ തൊഴിൽ നികുതി-അപാകതകൾ**

1. പൂർണ്ണമായ സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കുകയോ, ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നു എന്ന് ഉറപ്പുവരുത്താനാകുന്നില്ല. സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, കോളേജുകൾ, മറ്റുവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബാങ്കുകൾ, സഹകരണ സംഘങ്ങൾ ,കേന്ദ്ര സംസ്ഥാന അതോറിറ്റികൾ, ബോർഡുകൾ, കമ്പനികൾ, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മറ്റ് സ്ഥാപനങ്ങൾ /ഇൻസ്റ്റിറ്റ്യൂഷനുകൾ മുതലായവയുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റുകൾ തയ്യാറാക്കി ലിസ്റ്റിലെ ക്രമപ്രകാരം വാർഡ് തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
2. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ തൊഴിൽ നികുതി വരവ് ധനകാര്യ പത്രികയിലെ വരവുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ പുതിയ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിച്ച ലിസ്റ്റിലെ ക്രമപ്രകാരം വാർഡ് തിരിച്ച് സ്ഥാനങ്ങളെ ചേർത്ത് വർഷാദ്യംതന്നെ രജിസ്റ്റർ തയ്യാറാക്കേണ്ടതും ഓരോസ്ഥാപനങ്ങളും അടവാക്കിയ നികുതി വിശദാംശങ്ങൾ അതത് സമയത്ത് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. ഓരോ അർദ്ധവർഷത്തിന് ശേഷവും രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വർഷാവസാനം രജിസ്റ്റർ പ്രകാരം അടവാക്കിയ ആകെ തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുത്തി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതാണ്.

2022-23 ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ കൃത്യമാക്കി ധനകാര്യ പത്രികയിലെ വരവുമായി പൊരുത്തപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതും നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

3. സ്ഥാപനങ്ങൾ ഹാജരാക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി പത്രികകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി പത്രികകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതും രജിസ്റ്ററിലെ ക്രമപ്രകാരം ഫയൽ ചെയ്ത് പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതുമാണ്.

4.ചെറുതും വലുതുമായ ധാരാളം സ്ഥാപനങ്ങൾ നഗരസഭയിൽ പ്രവർത്തിയ്ക്കുന്നു എങ്കിലും വളരെകുറച്ച് സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നുള്ളൂ. നഗരസഭ പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിൽ ഒരു അർദ്ധവർഷം 60 ദിവസമോ അതിലധികമോ ദിവസം ജോലിയെടുക്കുന്ന സ്ഥിര, താൽക്കാലിക, ദിവസവേതനക്കാർ എന്നീ ജീവനക്കാർ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരാണ്. ഇത് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ക്രമ നം 1 മുതൽ 4 വരെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 31.01.2024 ലെ ഓഡിറ്റ് എൻക്വയറി നം 40- ന് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

5. 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടച്ച താഴെ ചേർത്ത സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. ആയത് അനുബന്ധം 3 ആയി ചേർത്തിട്ടുള്ളത് കാണുക.

ടി സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. പോലീസ് സ്റ്റേഷൻ, ഉദ്യോഗമണ്ഡൽ, ഏലൂർ മുനിസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

6. 2021-22 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെ ചേർത്ത സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടച്ചതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | Iorn Monutains | I St & II |
| 2 | Eloor Tourist Home | I St & II |
| 3 | Homo Sapiens | I St & II |
| 4 | NAOH Surgicals | I St & II |
| 5 | Inwood Inustries | I St & II |
| 6 | Exim Ceramix | I St & II |
| 7 | BSES Kerala Power | I St & II |
| 8 | Kemron Wood Plast Ltd | I St & II |
| 9 | Little Flower Press | I St & II |
| 10 | Shellare Construction | I St & II |
| 11 | PSN Constructions | I St & II |
| 12 | Afila Fibre Industries | I St & II |
| 13 | Hindustan Pipes | I St & II |
| 14 | Syan Industries | I St & II |
| 15 | Triveni Carbonic Pvt Ltd | I St & II |
| 16 | Geethanjali Diesel & Sales | I St & II |
| 17 | CDS Eloor | I St & II |
| 18 | Delux Cargo India Pvt Ltd | I St & II |
| 19 | Mitram Automative Ltd | I St & II |
| 20 | BSNL | I St & II |

| | | |
|---|---|---|
| 21 | Star Pvt Industries | I St & II |
| 22 | MPM Finance Ltd | I St & II |
| 23 | Global Chemicals | I St & II |
| 24 | GMCG Maritime Consultants | I St & II |
| 25 | ISB Logestics | I St & II |

ക്രമ നം 5, 6 ൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 03.02.2024 ലെ ഓഡിറ്റ് എൻക്വയറി നം 55 ന് ഈ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.
അപാകതകൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതുമാണ്. ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ അപാകതകൾ പരിഹരിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നഗരസഭയുടെ ഭാഗത്തുനിന്നുണ്ടാവുന്നില്ല. ഇക്കാര്യത്തിൽ നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-18 നഗരസഭാ പരിധിയിലെ റോഡുകളിൽ GI Poles സ്ഥാപിക്കുന്നതിലെ അപാകതകൾ**

I)ഫയൽ നം. PW2-8454/21 പ്രകാരം ഏലൂർ നഗരസഭാ പരിധിയിലെ റോഡുകളിൽ GI Poles, MH എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 2021-22 കാലയളവിൽ Jio Digital Fibre Pvt. Ltd. എന്ന സ്ഥാപനത്തിന്റെ അപേക്ഷ നമ്പർ JDFPL/OFC/Row/KL/ELOOR /MC/FTTX/1695 തീയതി 02.09.2021 അടിസ്ഥാനത്തിൽ നഗരസഭ ഭരണസമിതിയുടെ 18.12.2021 ലെ 2-ാം നമ്പർ തീരുമാനം പ്രകാരമാണ് 444 പോളുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിരിക്കുന്നത്. ഇതിനായി വിവിധ ഇനങ്ങളിൽ സ്ഥാപനം അടവാക്കിയിരിക്കുന്ന തുകയുടെ വിവരങ്ങൾ ചേർക്കുന്നു.

| രസീത് നമ്പർ :121020400051/20.01.2022 | രസീത് നമ്പർ121020400052/20.01.2022 | രസീത് നമ്പർ121020400053/20.01.2022 |
|---|---|---|
| റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് | വാടക | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| 1480802.00 | 159840.00 | 15984.00 |

1) പോൾ റെന്റ് GST 18 % തുക 28771/- (159840*18%) നഗരസഭയിൽ ഒടുക്കുകയോ Reverse Charge Mechanism വഴി അടവാക്കുന്നതിന് സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ആയത് ഹാജരാക്കുകയോ, GST തുക നഗരസഭയിൽ ഒടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

2) 2021-22 ലെ വാടക രജിസ്റ്ററിൽ ഈ ഇനം ഉൾപ്പെടുത്തി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. സ്ഥാപിച്ചിരിക്കുന്ന പോളുകളുടെ നമ്പർ വിവരങ്ങളും റോഡുകളുടെ പേര് വിവരങ്ങളും റോഡിന്റെ തരം ( ടാർ റോഡ്, ടൈൽ റോഡ്, കോൺക്രീറ്റ് റോഡ് ) സഹിതം രേഖപ്പെടുത്തേണ്ടതാണ്. വർഷം തോറും വാടക ഈടാക്കുന്നതിന് ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നിലവിലുള്ള പോളുകൾ കൂടാതെ വരും വർഷങ്ങളിൽ വീണ്ടും പോളുകൾ സ്ഥാപിക്കേണ്ടി വരുമ്പോൾ തുടർവിവരങ്ങൾ ചേർത്ത് വാടക ഈടാക്കുന്നതിന് ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

3) 26 മുനിസിപ്പൽ റോഡുകളിലാണ് എസ്റ്റിമേറ്റ് പ്രകാരം കട്ട് ചെയ്യാൻ കണക്കാക്കിയിരിക്കുന്നത്. ടി റോഡുകൾ പൂർവ സ്ഥിതിയിലാക്കിയത് സംബന്ധിച്ച രേഖകൾ ഫയലിലില്ല. ആയത് പരിശോധിച്ച് എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

4) സർക്കാർ ഉത്തരവ് (Rt) നമ്പർ 89/2020/PWD Dt. 23.01.2020 വ്യവസ്ഥ 2 പ്രകാരം പോൾ ഒന്നിന് വർഷം തോറും 5% വർദ്ധനവോടെ ₹360 രൂപ നിരക്കിൽ വാർഷിക വാടക ഈടാക്കേണ്ടതാണ്. ആയതു പ്രകാരം മുൻ വാടകയുടെ 5% വർദ്ധിച്ച തുകയായ ₹198042/-(167832/- + 30210/- GST) അടവാക്കുന്നതിനായി PW2-8454/21 തീയതി : 23.05.2022 നമ്പറായി കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയത് അടവാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

5)5 വർഷത്തിനു ശേഷം കരാർ പുതുക്കേണ്ടതാണ്. ഇപ്രകാരമുള്ള തുടർ നടപടികൾക്കായി എന്ത് ക്രമീകരണമാണ് നഗരസഭ സ്വീകരിച്ചിരിക്കുന്നത് എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

II)Jio Digital Fibre Pvt. Ltd. സ്ഥാപനത്തിന്റെ തന്നെ 27.12.2021 തീയതിയിലെ JDFPL/OFC/ROW/KL/ELOOR/MC/FTTX/2538 അപേക്ഷ പ്രകാരം (ഫയൽ നം. PW2-12614/21) നഗരസഭയിലെ 23 മുതൽ 28 വരെയുള്ള വാർഡുകളിൽ 586 പോളുകൾ കൂടി സ്ഥാപിക്കുന്നതിനായി PW2-ROW/10434664/40441 തീയതി : 21.07.2022 നം കത്ത് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിനായി വിവിധ ഇനങ്ങളിൽ സ്ഥാപനം അടവാക്കിയിരിക്കുന്ന തുകയുടെ വിവരങ്ങൾ ചേർക്കുന്നു.

| | | |
|---|---|---|
| റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് | ₹1920608/- | 25.06.2022 ൽ UTR No.SIBLE0001664929 പ്രകാരം SBI അക്കൗണ്ട് നം. 35964861748 ൽ ക്രെഡിറ്റ് ആയിട്ടുണ്ട്. |
| വാടക | ₹210960/- | |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | ₹21096/- | |
| ആകെ | ₹2152664/- | |

1) നഗരസഭ ഭരണസമിതിയുടെ അംഗീകാരം വാങ്ങാതെ മേൽ പോളുകൾ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയതിനു വിശദീകരണം നൽകേണ്ടതാണ്. ഭരണസമിതി അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

2) പോൾ റെന്റ് GST 18 % തുക മറ്റ് സ്റ്റാറ്റ്യൂട്ടറി ചാർജ്ജുകൾ ഉൾപ്പെടെ ആകെ 37973/- Reverse Charge Mechanism വഴി അടവാക്കി 25.08.2022 നകം ആയതിന്റെ രസീത് നഗരസഭയിൽ ഹാജരാക്കാമെന്ന് 04.07.2022ലെ സത്യവാങ്മൂലം പ്രകാരം Jio Digital Fibre Pvt. Ltd., എന്ന സ്ഥാപനം ഉറപ്പ് നൽകിയിട്ടുണ്ട്. ആയത് ഹാജരാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിനായി

ലഭ്യമാക്കേണ്ടതാണ്.

3) 2022-23 ലെ വാടക രജിസ്റ്ററിൽ ഈ ഇനം ഉൾപ്പെടുത്തി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

4) ഇലക്ട്രോണിക്സ് &ഐ റ്റി (ബി) വകുപ്പിന്റെ 11.10.2018 ലെ ജി ഒ(എം എസ്) 25/2018(ITD), തദ്ദേശസ്വയംഭരണ (ഡിസി)വകുപ്പിന്റെ 22-05-2018 ഡിസി.2/531/2017/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം ടെലികോം കമ്പനികൾക്ക് സംസ്ഥാനത്തെ റോഡുകളിലൂടെ OFC കേബിളുകൾ ഇടുന്നതിന് RoW(Right Of Way) പെർമിഷന് വേണ്ടി 75000/കി.മീ നിരക്കിൽ ഒറ്റ തവണ ഫീസ് സർക്കാരിലേക്ക് അടവാക്കണം. എന്നാൽ അപേക്ഷകൻ പ്രസ്തുത ഫീസ് അടവാക്കിയതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ആതിനാൽ 16.63 X 75000 = 12,47,250/- രൂപ ഈ ഇനത്തിൽ സർക്കാരിലേക്കോ, നഗരസഭയിലേക്കോ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

5) 23 മുതൽ 28 വരെയുള്ള വാർഡുകളിലെ മുനിസിപ്പൽ റോഡുകളിലാണ് എസ്റ്റിമേറ്റ് പ്രകാരം കട്ട് ചെയ്യാൻ കണക്കാക്കിയിരിക്കുന്നത്. ടി റോഡുകൾ പൂർവ സ്ഥിതിയിലാക്കിയത് സംബന്ധിച്ച രേഖകൾ ഫയലിലില്ല. ആയത് പരിശോധിച്ച് എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (68/05.02.2024) മറുപടി ലഭ്യമാക്കിയില്ല.

GI പോളുകൾ സ്ഥാപിക്കുന്നതിനായുള്ള എഗ്രിമെൻറ് പ്രകാരം തുടർവർഷങ്ങളിലെ ബഡ്ജറ്റിൽ വാടക ഡിമാൻറ് ഉൾപ്പെടുത്തൽ, 5 വർഷത്തിനു ശേഷം കരാർ പുതുക്കൽ, സ്ഥാപിച്ച പോളുകളുടെ എണ്ണം, ടി വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വാടക രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ എന്നിവ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ നഗരസഭ ഭരണസമിതിയോ യാതൊരു മോണിറ്ററിംഗും നടത്തിയതായുള്ള രേഖകൾ ഫയലിൽ ഇല്ല. ടി വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 Rent കളക്ഷൻ അപാകതകൾ

1)Civic Ameneties

2021-22വർഷത്തെ B-15ഷെഡ്യൂൾ പ്രകാരം റെന്റ് റിസീവബിൾ ആയി ചേർത്തിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

| Code No | Particulars | Amount(₹) |
|---|---|---|
| 431400101 | Rent Receivable From Civic Ameneties(Current) | 754504/- |
| 431400102 | Rent Receivable From Civic Ameneties(Arrear) | 564873/- |

2022-23 വർഷത്തെ RP-37ഷെഡ്യൂൾ പ്രകാരം റെന്റ് റിസീവബിൾ ആയി ചേർത്തിട്ടുള്ള തുക ചുവടെ ചേർക്കുന്നു

| Code No | Particulars | Amount(₹) |
|---|---|---|
| 431400102 | Rent Receivable From Civic Amenities(Arrear) | 2,83,358/- |

അതായത് 2022-23വർഷം കുടിശ്ശിക ₹10,36,019 /- കളക്ഷൻ നടത്തിയിട്ടില്ല. കുടിശ്ശിക സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. കൂടാതെ ആകെ റെന്റിനു നല്കിയ കെട്ടിടങ്ങളുടെ എണ്ണം, റെൻറ് എഗ്രിമെന്റ് ഫയൽ, രജിസ്റ്റർ, Rent Deposit Register എന്നിവയും കൃത്യമായ രീതിയിൽ നഗരസഭ സൂക്ഷിക്കുന്നില്ല. റെന്റ് കളക്ഷൻ സംബന്ധിച്ച കൃത്യമായ രേഖകൾ നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്.

2)Lease Of Lands

നഗരസഭ വാർഷിക ധനകാര്യ പത്രികയിൽ Lease Of Lands ഇനത്തിൽ RP-37ഷെഡ്യൂൾ പ്രകാരം ₹210960/- വരവ് വന്നിട്ടുണ്ട്. എന്നാൽ Lease Of Lands എഗ്രിമെന്റ് ഫയൽ, രജിസ്റ്റർ, Lease Of Lands Deposit Register, ആകെ ലീസിനു നല്കിയ സ്ഥലങ്ങളുടെ വിവരം തുടങ്ങിയവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32 തീ.30.1.2024)മറുപടി ലഭ്യമാക്കിയില്ല. റെന്റ്, ലീസ് ഓഫ് ലാന്റ് സംബന്ധിച്ച് കൃത്യമായ രേഖകൾ/രജിസ്റ്ററുകൾ നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്.

## 1-20 ലേലം ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഏലൂർ നഗരസഭയിലെ ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)ലേലം EMD രജിസ്റ്റർ മാത്രമാണ് സൂക്ഷിക്കുന്നത്. കെ.എഫ്.സി വാല്യം 2 ലെ ഫോറം നം 20 പ്രകാരമുള്ള ലേല രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓഡിറ്റ് വർഷം നടത്തിയ ലേലങ്ങൾ, ലേലം കൈക്കൊണ്ട വ്യക്തികൾ, ലേലത്തുക അടവാക്കിയതിന്റെ വിവരങ്ങൾ എന്നിവയുടെ പരിശോധന സാധ്യമായിട്ടില്ല.

2)2022-23 സാമ്പത്തിക വർഷത്തെ ലേലങ്ങളുടെ DCB തയ്യാറാക്കി AFS മായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3) ലേലവുമായി ബന്ധപ്പെട്ട ഫയൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഓരോ ലേലത്തിന്റെയും കറസ്പോണ്ടൻസ് ഫയലുകൾ പ്രത്യേകമായി സൂക്ഷിക്കാത്തതിനാലും ലേല രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാലും ലേല ഫയലുകളുടെ പരിശോധന സാധ്യമായിട്ടില്ല. കൂടാതെ ലേലം ഡെപ്പോസിറ്റ് വരവായി ഒരു കോടിയിലധികം രൂപ വരവുണ്ട്. ഈ തുകകളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണത്തിന്(29/30.01.2024) മറുപടി ലഭ്യമാക്കിയില്ല. ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ, കറസ്പോണ്ടൻസ് ഫയലുകൾ എന്നിവ പ്രത്യേകമായി സൂക്ഷിക്കേണ്ടതും, ലേല രജിസ്റ്റർ തയ്യാറാക്കേണ്ടതുമാണ്.

## 1-21 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല

നഗരസഭയിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തികവർഷം 366 പെർമിറ്റ് അപേക്ഷകൾ ലഭ്യമായിട്ടുണ്ട് . രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ, ഇവയിൽ കെട്ടിട നിർമ്മാണം പൂർത്തിയായവ ഏതെന്ന് അറിയുവാൻ കഴിയുന്നില്ല. അവശ്യ വിവരങ്ങളായ Date Of Completion/Occupation (കോളം നമ്പർ -12), Property Tax

(കോളം നമ്പർ -15) Assessment Number (കോളം നമ്പർ - 16) Nature Of Disposal And Date (കോളം നമ്പർ - 23) എന്നിവ രേഖപ്പെടുത്തിയിട്ടില്ല. നം.തസ്വഭവ-ആർ.എ1/444/2019-തസ്വഭവ തീയതി : 29.01.2020 പ്രകാരം കെട്ടിടനിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതും ഇത് സെക്രട്ടറി കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം പ്രസ്തുത ജീവനക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്. ആയതിനാൽ പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സൂക്ഷിക്കേണ്ടതും സെക്രട്ടറി ആയത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (65/05.02.2024) മറുപടി ലഭ്യമാക്കിയില്ല.

**1-22 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

വാർഷിക ധനകാര്യ പത്രിക B-7 ഷെഡ്യൂൾ പ്രകാരം ₹1,47,80,214 /- ഡെപ്പോസിറ്റ് തുക വരവുണ്ട്. എന്നാൽ ഡെപ്പോസിറ്റ് തുകകളുടെ വിശദാംശം,രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ട് എൻക്വയറി (നം.18, തീ.27.01.24) നല്കിയെങ്കിലും ഫയലോ, വിശദാംശങ്ങളോ, രജിസ്റ്ററോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രധാന ഇനങ്ങളുടെ ഡെപ്പോസിറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| SL NO | Code No | Particulars | Amount(₹) |
|---|---|---|---|
| 1 | 340800100 | Deposit Received From Others | 22,43,094 |
| 2 | 340809900 | Other Deposit Received | 5,00,000 |
| 3 | 340200100 | Rent Deposit | 873218 |
| 4 | 340200200 | Auction Deposit | 10015958 |
| 5 | 340200300 | Water Deposit | 580046 |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-23 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല**

2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു .

| വാർഡ് നമ്പർ | ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 1 | 17 |
| 2 | 9 |
| 3 | 27 |
| 4 | 25 |
| 5 | 25 |
| 6 | 52 |
| 7 | 16 |
| 8 | 35 |
| 9 | 6 |
| 10 | 53 |
| 11 | 32 |
| 12 | 36 |
| 13 | 24 |
| 14 | 4 |
| 15 | 43 |
| 16 | 61 |
| 17 | 1 |
| 18 | 10 |
| 19 | 53 |
| 20 | 8 |
| 21 | 51 |
| 22 | 31 |
| 23 | 39 |

| | |
|---|---|
| 24 | 16 |
| 25 | 47 |
| 26 | 7 |
| 27 | 15 |
| 28 | 36 |
| 29 | 33 |
| 30 | 22 |
| 31 | 5 |
| ആകെ | 839 |

എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സ്ഥാപനങ്ങളുടെ ലിസ്റ്റ് നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാ വർഷവും ലൈസൻസ് ഫീസ് അടച്ച് പുതുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതെങ്ങനെയെന്ന് വ്യക്തമാക്കേണ്ടതും നാളിതുവരെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം.44/31.01.2024 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഫീസ് എടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി പിഴ ഈടാക്കി ലൈസൻസ് എടുപ്പിച്ചിട്ടുള്ളതാണെന്നും തുടർന്നുള്ള വർഷങ്ങളിൽ ലൈസൻസ് രജിസ്റ്ററും ട്രേഡേഴ്സ് ലിസ്റ്റും വെവ്വേറെ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും നിർത്തലായ സ്ഥാപനങ്ങളെ ഒഴിവാക്കിയും, പുതുതായി ആരംഭിച്ചവയെ ഉൾപ്പെടുത്തിയും വർഷാവർഷം ആയത് പുതുക്കേണ്ടതുമാണ്. എന്നാൽ മുനിസിപ്പാലിറ്റി അത്തരത്തിലൊരു രേഖ സൂക്ഷിച്ചിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്ററും സൂക്ഷിക്കുന്നില്ല. ആയതിൽ നിന്ന് തന്നെ ഓരോ വർഷവും ലൈസൻസ് എടുക്കാൻ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതല്ലാതെ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് മറ്റ് സംവിധാനങ്ങൾ ഉള്ളതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ സത്വര ശ്രദ്ധ പുലർത്തേണ്ടതാണ്.

**1-24 വാർഷിക ധനകാര്യ പത്രിക – പെൻഷൻ ഫണ്ട് കൃത്യമാക്കി സൂക്ഷിക്കുന്നില്ല.**

നഗരസഭയുടെ 2022-23 വർഷത്തെ ധനകാര്യ പത്രികയിൽ പെൻഷൻ ഫണ്ട് അലോട്ട് മെന്റായി ലഭിച്ച തുകയും പെൻഷൻ ഇനത്തിൽ ചെലവഴിച്ച തുകയും ഫണ്ട് ബാലൻസും കൃത്യമല്ല. പെൻഷൻ ഫണ്ട് ഫയൽ പരിശോധിച്ചതിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭ അടവാക്കിയ തുകകളും പെൻഷൻ ഫണ്ട് അലോട്ട് മെന്റായി ലഭിക്കാനുള്ള തുകകളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. രണ്ട് ലക്ഷം രൂപയാണ് പെൻഷൻ അലോട്ട്മെന്റായി തൻവർഷം ലഭിച്ച തുക. വ്യക്തമായ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തി വാർഷിക ധനകാര്യ പത്രിക തദനുസൃതമായി തയ്യാറാക്കേണ്ടതാണ്.

**1-25 മെയിന്റനൻസ് ഗ്രാന്റ് റോഡ് - അലോട്ട്മെന്റ് പൂർണ്ണമായും ACR ൽ ഉൾപ്പെടുത്തിയിട്ടില്ല**

2022-23 വർഷം ഏലൂർ നഗരസഭയ്ക്ക് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ ജി.ഓ (ആർ.ടി) 8253/22 തീ.05.12.22 ഉത്തരവ് പ്രകാരം അലോട്ട്മെന്റ് ആയി ലഭിച്ച ₹2103350/- എ.സി.ആറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ₹11,75,805/- അധിക ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പുന:പരിശോധന നടത്തേണ്ടതാണ്.

**1-26 വാർഷിക ധനകാര്യ പത്രിക- സ്ഥിര നിക്ഷേപ കണക്കിൽ അപാകത**

2022-23വർഷം വാർഷിക ധനകാര്യ പത്രിക (ബി.12 ഷെഡ്യൂൾ, കോഡ് 420800100) പ്രകാരം ഓഡിറ്റ് വർഷാവസാനം നഗരസഭയ്ക്കുള്ള സ്ഥിരനിക്ഷേപം ₹2210267. എന്നാൽ സ്ഥിര നിക്ഷേപത്തിന്റെ റസീപ്റ്റ് പരിശോധിച്ചതിൽ വർഷാവസാനം നഗരസഭയ്ക്കുള്ള സ്ഥിരനിക്ഷേപ വിവരം ചുവടെ ചേർക്കുന്നു.

1) IOB രസീത് നം 511500087, ₹ 12,80,986

1) IOB രസീത് നം 511500145, ₹ 11,49,335

ആകെ സ്ഥിര നിക്ഷപം ₹24,30,321/-. ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതും പലിശ തുക ₹220054/- വാർഷിക ധനകാര്യ പത്രികയിലെ Interest From Loan Account എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടതുമാണ്.

**1-27 വാർഷിക ധനകാര്യ പത്രിക- HUDCO ലോൺ കണക്കിലെ അപാകത**

2022-23 വർഷം വാർഷിക ധനകാര്യ പത്രിക (ബി.5 ഷെഡ്യൂൾ, കോഡ് 330500202) പ്രകാരം വർഷാവസാനം നഗരസഭയ്ക്കുള്ള HUDCO ലോൺ ₹1,04,13,333/-. എന്നാൽ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വർഷാവസാനം നഗരസഭയ്ക്കുള്ള HUDCO ലോൺ തുക ₹1,04,40,001/-. തൻ വർഷം പ്രോജക്റ്റുകൾ മുഖേന തിരിച്ചടവ് നടത്തിയ തുക ₹8,66,668/-. യഥാർത്ഥ തിരിച്ചടവ് തുക ₹95,73,333/-. വ്യത്യാസം ₹8,40,000/-. അപാകത പരിഹരിച്ച് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടതാണ്.

**1-28 നഗരസഞ്ചയ കോർപ്പറേഷൻ വിഹിതം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.**

കൊച്ചി കോർപ്പറേഷൻ വിഹിതമായി 2.8.2020ൽ ലഭിച്ച 90 ലക്ഷം രൂപയുടെ വരവ് ചെലവ്-നീക്കിയിരുപ്പ് വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം വിവിധ പ്രോജക്ടുകൾക്കായി ഈ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട് എങ്കിലും ചെലവഴിച്ച തുകകളും നീക്കിയിരിപ്പുള്ള തുകയും സംബന്ധിച്ച് വ്യക്തമായ കണക്കുകളില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 39 തി.31.1.2024) മറുപടിയായി അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. വിവിധ ഏജൻസികളിൽ നിന്നുള്ള ഫണ്ട് വിവരകണക്കുകൾ വ്യക്തമായി സൂക്ഷിക്കേണ്ടതാണ്. അപാകത പരിഹരിക്കേണ്ടതാണ്.

**1-29 ബഡ്സ് സ്പെഷ്യൽ സ്കൂൾ: വരവ് - ചെലവ് കൃത്യമായി സൂക്ഷിക്കുന്നില്ല**

ഹാജരാക്കിയ രേഖകൾ പ്രകാരം ബഡ്സ് സ്പെഷ്യൽ സ്കൂൾ: വരവ് - ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹2991031 |
| വരവ് | ₹764949 |
| ആകെ | ₹3755980 |
| ചെലവ് | ₹2995408 |
| നീക്കിയിരിപ്പ് | ₹760572 |

ബഡ്സ് സ്പെഷ്യൽ സ്കൂളിന്റെ വിവിധ ആവശ്യങ്ങൾക്കായി തൻവർഷം 29 ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. എന്നാൽ തുക പൂർണ്ണമായും പ്രോജക്റ്റ് മുഖേനയല്ല ചെലവഴിച്ചിട്ടുള്ളത്.
പ്രോജക്റ്റ് മുഖേന ചെലവ് ചെയ്ത തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | ചെലവു തുക |
|---|---|---|
| 1 | 48/23, പ്രവർത്തകർക്ക് ഓണറേറിയം | ₹52800 |
| 2 | 7/23, പഠന പരിപാടി | ₹136947 |
| 3 | 275/23,സ്മാർട്ട് ക്ലാസ് റൂം | ₹199990 |
| 4 | 11/23, പ്രവർത്തകർക്ക് ഓണറേറിയം | ₹1300000 |
| | ആകെ | ₹16,89,737 |

ബഡ്സ് സ്പെഷ്യൽ സ്കൂൾ വരവ് - ചെലവ് വിവരം വാർഷിക ധനകാര്യ പത്രികയിൽ നിന്നോ, ലെഡ്ജറുകളിൽ നിന്നോ വ്യക്തമല്ല. കൂടാതെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കൂപ്പ് ചെയ്തതിന്റെ വിവരങ്ങളോ, ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂറുകൾ എന്ന ഹെഡിലോ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 66, തീ.5.2.2024) മറുപടി ലഭ്യമാക്കിയില്ല. ബഡ്സ് സ്പെഷ്യൽ സ്കൂൾ വരവ് - ചെലവ് കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

**1-30 AUGES വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല**

ലഭ്യമായ കണക്കുകൾ പ്രകാരം AUGES വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | ₹12,90,952.09 |
| വരവ് | ₹50,00,000+ ₹25173/- Interest |
| തനത് ഫണ്ടിൽ നിന്നും നല്കിയത് | ₹9,19,507/- |
| ചെലവ് | ₹72,34,085.60 |
| നീക്കിയിരിപ്പ് | ₹1546.49 |

എന്നാൽ ലഭ്യമാക്കിയ ലഡ്ജർ പ്രകാരം (Code No 160109900) AUGES ചെലവ് ₹1,13,14,461/- ആണ്. ശരിയായ വരവു തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്. കൂടാതെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത ₹919507/- റീക്കൂപ്പ് ചെയ്യേണ്ടതാണ്.

**1-31 മാലിന്യ നീക്കം- അനുവദനീയമായതിനേക്കാൾ അധിക തുക നൽകി**

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 122/23, ആർ ആർ എഫ് പരിപാലനം | 126/23പ്രീമൺസൂണിന്റെ ഭാഗമായി-അജൈവ മാലിന്യങ്ങൾ അപകടകരമായ മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യൽ- റിജക്റ്റ് മാലിന്യം തുക നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 500000/-ധനകാര്യ കമ്മീഷൻ ഫണ്ട് | 2600000/-ധനകാര്യ കമ്മീഷൻ ഫണ്ട് |
| ചെലവ് | 474254/-ധനകാര്യ കമ്മീഷൻ ഫണ്ട് | 2600000/-ധനകാര്യ കമ്മീഷൻ ഫണ്ട് |
| ACR ബിൽ നം | 540/29-3-23 | 320/16-2-23, 1768643/- |

| | | |
|---|---|---|
| | | 539/29-3-23, 831357/- |

മേൽ പദ്ധതികൾ പ്രകാരം മാലിന്യം നീക്കം ചെയ്ത ഇനത്തിൽ ക്ലീൻ കേരള മിഷന് യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്നതിനേക്കാൾ ₹13,05,611/- അധികമായി നൽകി. വിശദാംശങ്ങൾ ഭാഗം3 ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

**1-32 മഴക്കാല പൂർവ്വ ശുചീകരണം -ചെലവു രേഖകൾ ഹാജരാക്കിയില്ല**

വൌച്ചർ നം 34-6/2022

1)BRN No. 22111347000439579/22.8.2022 തുക : ₹3,10,000/-

2)ചെക്ക് നം 004047/4.6.2022 തുക : ₹3,10,000/-

ഹാജരാക്കിയ ഫയൽ പ്രകാരം പ്രകാരം ₹6,20,000/- മഴക്കാല പൂർവ്വ ശുചീകരണത്തിനായി ചെലവ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ തുക കൈപ്പറ്റിയതിന്റെ വിശദാംശങ്ങളോ, ചെലവ് സാധൂകരിക്കുന്ന രേഖകൾ ഒന്നും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.59,തീ.5.2.2024) മറുപടിയായി ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിന് വിധേയമായി ₹6,20,000/- ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-33 സാനിറ്റേഷൻ വർക്കേഴ്സിന് അർഹമായതിലും അധിക തുക നൽകി**

സൂചന: ഫയൽ നം.H1-10613/19

നഗരസഭയിൽ സ്ഥിരം കണ്ടിജന്റ് തസ്തികയിൽ 6 സാനിറ്റേഷൻ വർക്കേഴ്സ് മാത്രമാണുള്ളത്. നഗരസഭാ പ്രദേശത്തെ അടിയന്തിര/ദൈനംദിന ശുചീകരണ പ്രവൃത്തികൾക്ക് ടി ജീവനക്കാർ മതിയാകാത്ത സാഹചര്യമായതിനാൽ സ.ഉ(സാധാ) 2062/2019/തസ്വഭവ : തീ.24.09.2019 ലെ ഖണ്ഡിക 4 പ്രകാരം കുടുംബശ്രീയുടെ സേവനം തേടാവുന്നതാണ് എന്നതിനാൽ കുടുംബശ്രീ സി.ഡി.എസുമായി നഗരസഭാ സെക്രട്ടറി കരാറിൽ ഏർപ്പെടുകയും 17 പേരുടെ സേവനം തേടുന്നതിന് കൗൺസിൽ തീരുമാനിക്കുകയും ചെയ്തു. (28.10.2019 ലെ 12-ാം നമ്പർ കൗൺസിൽ). ഇത് പ്രകാരം 17 തൊഴിലാളികൾക്ക് ദിവസ വേതന നിരക്കിൽ കുടുംബശ്രീ സി.ഡി.എസിന്റെ അക്കൌണ്ടിലേക്കാണ് മാസാമാസം തുക ട്രാൻസ്ഫർ ചെയ്യുന്നത്. നഗരസഭയുടെ ഇ.പി.എഫ് വിഹിതം ഉൾപ്പെടെയുള്ള (Employer's Contribution) തുകയാണ് സി.ഡി.എസിന്റെ അക്കൌണ്ടിലേയ്ക്ക് കൈമാറുന്നത്. ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

1)കരാർ ജീവനക്കാർക്ക് അർഹമായതിലും കൂടുതൽ തുക വേതനമായി നൽകി

ശുചീകരണ പ്രവൃത്തികൾക്കായി 2022-23 വർഷം കുടുംബശ്രീ സി.ഡി.എസിന് തനത് ഫണ്ടിൽ നിന്ന് തുക നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൌച്ചർ നം/തീയതി/ചെക്ക് നം | തുക(₹) | റിമാർക്സ് |
|---|---|---|---|
| 1 | 6, 4/22, 4.4.22<br>1375 BOB | 304550 | 2022 മാർച്ച് മാസത്തെ വേതനം |
| 2 | 6, 5/22/ 4.5.2022<br>495 BOB | 288288 | 2022 ഏപ്രിൽ മാസത്തെ വേതനം |
| 3 | 19,6/22 / 26.06.2022<br>4038 BOB | 274164 | 2022 മെയ് മാസത്തെ വേതനം |
| 4 | 12, 7/22 /2.7.22<br>4095 BOB | 340771 | 2022 ജൂൺ മാസത്തെ വേതനം |
| 5 | 7, 8/22 /2.8.22<br>944 BOB | 348163 | 2022 ജൂലൈ മാസത്തെ വേതനം |
| 6 | 28, 9/22 / 3.9.22<br>1312 BOB | 325064 | 2022 ആഗസ്റ്റ് മാസത്തെ വേതനം |
| 7 | 17, 10/22 / 6.10.22<br>4155 BOB | 333379 | 2022 സെപ്റ്റംബർ മാസത്തെ വേതനം |
| 8 | 6, 11/22 / 1.11.22<br>1418 BOB | 306768 | 2022 ഒക്ടോബർ മാസത്തെ വേതനം |
| 9 | 19, 12/22 / 2.12.22<br>1495 BOB | 312681 | 2022 നവംബർ മാസത്തെ വേതനം |
| 10 | 5, 1/23 / 3.1.23<br>2912 BOB | 319334 | 2022 ഡിസംബർ മാസത്തെ വേതനം |
| 11 | 8,2/23 / 2.2.23<br>1614 BOB | 301594 | 2022 ജനവരി മാസത്തെ വേതനം |

| | | | |
|---|---|---|---|
| 12 | 7, 3/23 / 2.3.23<br>3371 BOB | 284408 | 2022 ഫെബ്രുവരി മാസത്തെ വേതനം |
| | ആകെ | 3739164 | |

ലഭ്യമാക്കിയ മസ്റ്റർ റോൾ പ്രകാരം താഴെപ്പറയുന്ന 17 പേർക്കാണ് പ്രതിദിനം ₹660/-(09.07.2019 ലെ സ.ഉ(പി)81/2019/fin പ്രകാരം ) നിരക്കിൽ തുക നൽകിയിരിക്കുന്നത്.

| ക്രമ നം | പേര് |
|---|---|
| 1 | രേഷ്മ |
| 2 | മഞ്ജു |
| 3 | ഇന്ദു.എസ് |
| 4 | ബിന്ദു വിനോദ് |
| 5 | ഷെറീന .കെ എ |
| 6 | വിൻസി ജോസഫ് |
| 7 | ഷെമി |
| 8 | ശ്രീജ |
| 9 | രാജേഷ് |
| 10 | ബിജു,കെ,എം |
| 11 | കുഞ്ഞുമോൻ |
| 12 | സാബു |
| 13 | ഷാജി.എ.എസ് |
| 14 | ജോണി.കെ.എ |
| 15 | സനോജ് |
| 16 | ഉണ്ണികൃഷ്ണൻ |
| 17 | രഞ്ജിത്ത് |

09.07.2019 ലെ സ.ഉ(പി)81/2019/fin പ്രകാരം കാറ്റഗറി 1 സാനിറ്റേഷൻ വർക്കേഴ്സിന് ബാധകമായ പ്രതിദിനം ₹660/- എന്ന നിരക്കിലാണ് വേതനം നൽകി വരുന്നത്. ടി ഉത്തരവ് പ്രകാരം ഒരു മാസം നൽകാവുന്ന പരമാവധി തുക ₹17820 /-ആണ് (മാക്സിമം 27 Days). എന്നാൽ ജി.ഒ(പി)29/2021/fin Dtd.11.02.2021 പ്രകാരം കാറ്റഗറി1 സാനിറ്റേഷൻ വർക്കേഴ്സിന്റെ വേതനം പ്രതിദിനം ₹675 ആയി ഉയർത്തിയിട്ടുണ്ട്. (ടി നിരക്ക് നഗരസഭയിൽ നടപ്പാക്കിയിട്ടില്ല) ഇത് പ്രകാരം പ്രതിമാസ പരിധി ₹18225 ആണ്. എന്നാൽ 27 ദിവസത്തിലധികം ജോലി ചെയ്തതിനും തുക നൽകിയിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൌച്ചർ നം | വർക്കറുടെ പേര് | നൽകിയ തുക(₹) | നൽകാവുന്ന തുക(₹) | അധികം നൽകിയ തുക(₹) |
|---|---|---|---|---|---|
| 1 | 6,4/22 | 1)മഞ്ജു | 29 X660 =19140 | 27X675=18225 | 915 |
| | | 2)ഷെറീന.കെ.എ | 28X660 = 18480 | 18225 | 255 |
| | | 3)ബിജു.കെ.എം | 29 X660 = 19140 | 18225 | 915 |
| | | 4)ഷാജി.എ.എസ് | 29 X660 = 19140 | 18225 | 915 |
| | | 5)ജോണി.കെ.എ | 28X660 = 18480 | 18225 | 255 |
| | | 6) സനോജ് | 28X660 = 18480 | 18225 | 255 |
| 2 | 6,5/22 | 1)വിൻസി ജോസഫ് | 28X660 = 18480 | 18225 | 255 |

| | | | | | |
|---|---|---|---|---|---|
| | | 2)ബിജു.കെ.എം | 28X660 = 18480 | 18225 | 255 |
| | | 3)ഷാജി.എ.എസ് | 28X660 = 18480 | 18225 | 255 |
| | | 4)ജോണി.കെ.എ | 28X660 = 18480 | 18225 | 255 |
| | | 5)സനോജ് | 29 X660 = 19140 | 18225 | 915 |
| 3 | 19. 6/22 | 1)വിൻസി ജോസഫ് | 29 X660 = 19140 | 18225 | 915 |
| | | 2)ബിജു.കെ.എം | 28X660 = 18480 | 18225 | 255 |
| | | 3)ഷാജി.എ.എസ് | 29 X660 = 19140 | 18225 | 915 |
| | | 4)ജോണി.കെ.എ | 29 X660 = 19140 | 18225 | 915 |
| | | 5)സനോജ് | 29 X660 = 19140 | 18225 | 915 |
| 4 | 12, 7/22 | 1)മഞ്ജു | 28X660 = 18480 | 18225 | 255 |
| | | 2)ഷെറീന.കെ.എ | 28X660 = 18480 | 18225 | 255 |
| | | 3)വിൻസി ജോസഫ് | 28X660 = 18480 | 18225 | 255 |
| | | 4)ബിജു.കെ.എം | 28X660 = 18480 | 18225 | 255 |
| | | 5)കുഞ്ഞുമോൻ | 28X660 = 18480 | 18225 | 255 |
| | | 6)ഷാജി.എ.എസ് | 28X660 = 18480 | 18225 | 255 |
| | | 7)ജോണി.കെ.എ | 28X660 = 18480 | 18225 | 255 |
| | | 8)സനോജ് | 28X660 = 18480 | 18225 | 255 |
| | | 9)രഞ്ജിത് | 28X660 = 18480 | 18225 | 255 |
| 5 | 7,8/22 | 1)മഞ്ജു | 28X660 = 18480 | 18225 | 255 |
| | | 2)വിൻസി ജോസഫ് | 28X660 = 18480 | 18225 | 255 |
| | | 3)ശ്രീജ | 28X660 = 18480 | 18225 | 255 |
| | | 4)രാജേഷ് | 29 X660 = 19140 | 18225 | 915 |
| | | 5)ബിജു.കെ.എം | 29 X660 = 19140 | 18225 | 915 |
| | | 6)സാബു | 28X660 = 18480 | 18225 | 255 |
| | | 7)ജോണി.കെ.എ | 29 X660 = 19140 | 18225 | 915 |
| | | 8)സനോജ് | 30X660 =19800 | 18225 | 1575 |

| | | | | | |
|---|---|---|---|---|---|
| | | 9)ഉണ്ണികൃഷ്ണൻ | 28X660 = 18480 | 18225 | 255 |
| 6 | 17. 10/22 | 1)ഷെമി | 28X660 = 18480 | 18225 | 255 |
| | | 2)ശ്രീജ | 28X660 = 18480 | 18225 | 255 |
| | | 3)ഷാജി.എ.എസ് | 28X660 = 18480 | 18225 | 255 |
| | | 4)സനോജ് | 28X660 = 18480 | 18225 | 255 |
| | | 5)രഞ്ജിത് | 28X660 = 18480 | 18225 | 255 |
| 7 | 28, 9/22 | 1)മഞ്ജു | 29 X660 = 19140 | 18225 | 915 |
| | | 2)ഇന്ദു.എസ് | 29 X660 = 19140 | 18225 | 915 |
| | | 3)വിൻസി ജോസഫ് | 29 X660 = 19140 | 18225 | 915 |
| | | 4)ഷെമി | 29 X660 = 19140 | 18225 | 915 |
| | | 5)ശ്രീജ | 29 X660 = 19140 | 18225 | 915 |
| | | 6)ബിജു.കെ.എം | 29 X660 = 19140 | 18225 | 915 |
| | | 7)ജോണി.കെ.എ | 29 X660 = 19140 | 18225 | 915 |
| | | 8)സനോജ് | 29 X660 = 19140 | 18225 | 915 |
| | | 9)ഉണ്ണികൃഷ്ണൻ | 29 X660 = 19140 | 18225 | 915 |
| | | 10)രഞ്ജിത് | 29 X660 = 19140 | 18225 | 915 |
| 8 | 6. 11/22 | 1)രേഷ്മ | 29 X660 = 19140 | 18225 | 915 |
| | | 2)മഞ്ജു | 28X660 = 18480 | 18225 | 255 |
| | | 3)ഷെമി | 28X660 = 18480 | 18225 | 255 |
| | | 4)ശ്രീജ | 29 X660 = 19140 | 18225 | 915 |
| | | 5)ബിജു.കെ.എം | 29 X660 = 19140 | 18225 | 915 |
| | | 6)കുഞ്ഞുമോൻ | 29 X660 = 19140 | 18225 | 915 |
| | | 7)സനോജ് | 29 X660 = 19140 | 18225 | 915 |
| | | 8)ഉണ്ണികൃഷ്ണൻ | 28X660 = 18480 | 18225 | 255 |
| 9 | 19, 12/22 | 1)ഷെമി | 28X660 = 18480 | 18225 | 255 |
| | | 2)ബിജു.കെഎം | 28X660 = 18480 | 18225 | 255 |

| | | | | | |
|---|---|---|---|---|---|
| | | 3)സാബു | 28X660 = 18480 | 18225 | 255 |
| | | 4)ജോണി.കെ.എ | 28X660 = 18480 | 18225 | 255 |
| | | 5)സനോജ് | 29 X660 = 19140 | 18225 | 915 |
| 10 | 5, 1/23 | 1)വിൻസി ജോസഫ് | 28X660 = 18480 | 18225 | 255 |
| | | 2)ബിജു.കെഎം | 28X660 = 18480 | 18225 | 255 |
| | | 3)ജോണി.കെ.എ | 29 X660 = 19140 | 18225 | 915 |
| | | 4)സനോജ് | 30 X660 =19800 | 18225 | 1575 |
| 11 | 8, 2/23 | 1)രേഷ്മ | 28X660 = 18480 | 18225 | 255 |
| | | 2)വിൻസി ജോസഫ് | 28X660 = 18480 | 18225 | 255 |
| | | 3)ഷെമി | 29 X660 = 19140 | 18225 | 915 |
| | | 4)കുഞ്ഞുമോൻ | 29 X660 = 19140 | 18225 | 915 |
| | | 5)സനോജ് | 29 X660 = 19140 | 18225 | 915 |
| | | 6)രഞ്ജിത് | 29 X660 = 19140 | 18225 | 915 |
| 12 | 7, 3/23 | 1)രഞ്ജിത് | 28X660 = 18480 | 18225 | 255 |
| | | ആകെ | | | 42375 |

മേൽ സൂചിപ്പിച്ച പ്രകാരം ₹42,375/- തനത് ഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ചതായി കാണുന്നു. നൽകാവുന്ന പരിധിയിൽ കവിഞ്ഞ് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.51/02.02.2024 ന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. ടി തൊഴിലാളികളെ അവധി ദിവസങ്ങളിലും രാത്രികാല സ്ക്വാഡിനും ഉപയോഗപ്പെടുത്തേണ്ടി വരാറുണ്ട്. നഗരസഭയുടെ വിവിധ ഭാഗങ്ങളിലായി ജൈവ മാലിന്യ സംസ്കരണത്തിന് 6 തുമ്പൂർമുഴി ബിന്നുകൾ പ്രവർത്തിപ്പിക്കേണ്ടതുണ്ട് എന്നതിനാൽ ടി ദിവസങ്ങളിലും കുടുംബശ്രീ സാനിറ്റേഷൻ തൊഴിലാളികളെ നിയോഗിക്കേണ്ടി വരുന്നു. അതിനാലാണ് 27 ദിവസങ്ങളിൽ കൂടുതലായി വേതനം അനുവദിച്ചതെന്നും തുടർന്ന് ഇത്തരത്തിൽ തുക അനുവദിക്കുന്നതല്ല എന്നും അറിയിച്ചു. ഏതവസരത്തിലും സർക്കാർ ഉത്തരവനുസരിച്ചുള്ള തുകയിൽ നിന്ന് അധികമായി വേതനം നൽകുന്നത് സാധൂകരിക്കത്തക്കതല്ല. ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

2)ഇ.പി.എഫ് വിഹിതം ഇനത്തിൽ നൽകുന്ന തുകയിൽ കൃത്യതയില്ല

നഗരസഭയുടെ (Employer's Contribution) EPF വിഹിതം 12% ഉൾപ്പെടെ (660+12%=739.2) 739.20 രൂപ പ്രതിദിനം എന്ന നിരക്കിലാണ് ഓരോരുത്തർക്കും തുക നൽകിയിരിക്കുന്നത്. ടി തുകയും Employees' Contribution ഇനത്തിൽ തൊഴിലാളികളുടെ ആകെ വേതനത്തിൽ നിന്ന് കുറവ് ചെയ്ത EPF വിഹിതവും Employees Provident Fund അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീയുടെ സി.ഡി.എസ് അക്കൌണ്ടിൽ നിന്നും അടവാക്കിയതിന്റെ രേഖകൾ നഗരസഭയിൽ ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല. കുടുംബശ്രീയിൽ നിന്ന് പ്രസ്തുത രേഖകൾ ലഭ്യമാക്കി പരിശോധിച്ചതിൽ നഗരസഭയിൽ നിന്ന് നൽകുന്ന Employer Contribution തുകയായ 12% തുകയും ഈ ഇനത്തിൽ EPFO യിലേയ്ക്ക് അടവാക്കുന്ന തുകയും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു.

ഉദാഹരണമായി 2022 മെയ് മാസത്തെ വേതനം നൽകിയതിന്റെയും ഇ.പി.എഫ് ലേയ്ക്ക് തുക ഒടുക്കിയതിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർക്കറുടെ പേര് (A) | നൽകിയ വേതനം (No. Of Days X 660/-) (B)₹ | നഗരസഭയുടെ വിഹിതം നൽകിയത് (12%) (C) ₹ | ആകെ കുടുംബശ്രീക്ക് നൽകിയത് (B+c) ₹ | കുടുംബശ്രീയിൽ നിന്നും ഇ.പി.എഫിലേയ്ക്ക് Employer's Contribution ഇനത്തിൽ ഒടുക്കിയത് (E) ₹ | വ്യത്യാസം (C-e)₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| രേഷ്മ | 27 X660 =17820 | 2138 | 19958 | 1737 | 400 |
| മഞ്ജു | 25 X660 = 16500 | 1980 | 18480 | 1737 | 243 |
| ഇന്ദു.എസ് | 11X660 = 7260 | 871 | 8131 | 634 | 237 |
| ബിന്ദു വിനോദ് | 19X660 = 12540 | 1505 | 14045 | 1622 | (-)117 |
| ഷെറീന.കെ.എ | 25X660 = 16500 | 1980 | 18480 | 1737 | 243 |
| വിൻസി ജോസഫ് | 29X 660 =19140 | 0 | 19140 | തൻമാസം ഒടുക്കിയതായി കാണുന്നില്ല | - |
| ഷെമി | 27 X 660 = 17820 | 2138 | 19958 | 1737 | 401 |
| ശ്രീജ | 18 X 660 = 11880 | 1426 | 13306 | 1534 | 108 |
| രാജേഷ്.കെ.ടി | 20 X660 = 13200 | 1584 | 14784 | 1711 | (-)127 |
| ബിജു.കെ.എം | 28 X 660 =18480 | 2218 | 20698 | 1737 | 481 |
| കുഞ്ഞുമോൻ | 16 X 660 = 10560 | 1267 | 11827 | 1356 | (-)89 |
| സാബു | 7 X 660 =4620 | 554 | 5174 | 558 | (-)4 |
| ഷാജി.എ.എസ് | 29 X660 = 19140 | 2297 | 21437 | 1737 | 560 |
| ജോണി.കെ.എ | 29 X660 = 19140 | 2297 | 21437 | 1737 | 560 |
| സനോജ് | 29 X660 = 19140 | 2297 | 21437 | 1737 | 560 |
| ഉണ്ണികൃഷ്ണൻ | 25X660 = 16500 | 1980 | 18480 | 1737 | 243 |
| രഞ്ജിത്ത്.ആർ | 10 X 660 = 6600 | 792 | 7392 | 824 | 32 |
| | | | | ആകെ | 3731 |

ഇപ്രകാരം എല്ലാ മാസങ്ങളിലും നഗരസഭ ഒടുക്കുന്ന Employer’s Contribution കുടുംബശ്രീയിൽ നിന്നും EPFO യിലേയ്ക്ക് അടക്കുന്നതിൽ വ്യത്യാസം കാണുന്നു. നഗരസഭയുടെ കോൺട്രിബ്യൂഷൻ ഉൾപ്പെടെയുള്ള തുക മാസാമാസം കുടുംബശ്രീക്ക് കൈമാറുന്നതല്ലാതെ ടി തുക യഥാവിധി അവരുടെ ഇ.പി.എഫ് അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നതിന്റെ കൃത്യത (വിഹിതം തിരിച്ചുള്ള കണക്ക്) നഗരസഭ പരിശോധിക്കുന്നില്ല. ഇതിൽ വ്യക്തത വരുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്. നഗരസഭയിൽ നിന്ന് Employer’s Share ഇ.പി.എഫിലേയ്ക്ക് നേരിട്ട് ഓൺലൈനായി അടക്കാമെന്നിരിക്കെ ഇതിനായി കുടുംബശ്രീക്ക് തുക കൈമാറി ആയത് ഫയൽ ചെയ്യുന്നതിന് കുടുംബശ്രീയിൽ നിന്നും അഡ്വക്കേറ്റിന് തുക നൽകേണ്ടി വരുന്നതും അധിക ചെലവിന് കാരണമാകാം.

**1-34 കോക്ലിയർ ഇംപ്ലാന്റ് മെയ്റ്റനൻസ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല -₹50,000/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 12/23,കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് (സ്പിൽ ഓവർ) |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | ₹50,000 /- |
| ചെലവ് | ₹50000 /- |
| വൌച്ചർ നം/ചെക്ക് നം/തിയതി | 12 2/23, /1950295(LGTSB-1167)/02.02.2023 |

കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികൾക്ക് ഇതു പ്രവർത്തന ക്ഷമമായി നില നിർത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി ഒരു കുട്ടിക്ക് ₹50,000/- നിരക്കിൽ തുക നൽകുന്ന പദ്ധതിയാണിത്. [സ.ഉ(സാധാ)426/2019 /LSGD;dtd:26.02.2019]

20.09.2022 ലെ 16-ാം നമ്പർ കൌൺസിൽ തീരുമാനം ശ്രീ.സുഹാസ് ഹാരിസ് എന്ന കുട്ടിയെ ഗുണഭോക്താവായി തെരഞ്ഞെടുത്തിട്ടുണ്ട്.

കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് (A/c No.701011400000134, ജില്ലാ ട്രഷറി, തിരുവനന്തപുരം) തുക ഒടുക്കിയിട്ടുണ്ട്. ടി ആനുകൂല്യം മേൽ ഗുണഭോക്താവിന് ലഭ്യമായതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറി നം.21/29.01.2024 ന് സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ ചെലവ് തുക ₹50,000/- തടസ്സപ്പെടുത്തുന്നു.

**1-35 വയോജനോത്സവം - മാർഗ്ഗരേഖയിൽ ഇല്ലാത്ത പദ്ധതി നടപ്പിലാക്കി - അധിക തുക ചെലവഴിച്ചു**

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | S0268/23, വയോജനോത്സവം |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഏലൂർ നഗരസഭ |
| അടങ്കൽ / ഫണ്ട് | ₹3,00,000 (തനത് ഫണ്ട്) |
| ചെലവ് | ₹1,77,268 (തനത് ഫണ്ട്) |
| ചെക്ക് നം/തിയതി - തുക (വൌച്ചർ നം) | 1) 3377/03.03.2023 (BOB), ₹125800/-, വൌച്ചർ നം.20/3-23<br>2) 3519/17.03.2023 (BOB), ₹47468/-, വൌച്ചർ നം.121/3-23<br>3) 1677/31.03.2023 (BOB), ₹4000/-, വൌച്ചർ നം.331/3-23 |

10.02.23, 11.02.23 എന്നീ തീയതികളിൽ 350 പേർ പങ്കെടുത്തതായ ടി പരിപാടിയുടെ ചെലവ് വിവരം താഴെക്കൊടുക്കുന്നു.

| ഇനം | തുക(₹) |
|---|---|
| ജഡ്ജ്മെന്റ് | 1000X 5=5000 |
| സ്റ്റേജ് | 6200 |
| ഗാനമേള | 7000 |
| ചായ, സ്നാക്ക്സ് | 23500 |
| ഉച്ചഭക്ഷണം, വെള്ളം | 86100+ 240 = 86340 |
| ലൈറ്റ് ആന്റ് സൌണ്ട് | 12000 |
| ഫോട്ടോ | 3000 |
| സ്റ്റേഷനറി | 1268 |
| ട്രോഫി | 28960 |
| ബാനർ, നോട്ടീസ് | 4000 |
| ആകെ | 177268 |

1) സ.ഉ(കൈ)115/22/lsgd;dtd.28.05.2022 മാർഗ്ഗരേഖ പ്രകാരം വയോജനോത്സവം എന്ന ഒരു പ്രോജക്ടിന് സർക്കാർ അംഗീകാരം ഉള്ളതായി കാണുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത പ്രോജക്ട് നടപ്പാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.19/29.01.2024 ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ 'മുനിസിപ്പാലിറ്റി മേഖലയിലെ വയോജനങ്ങൾക്ക് ശാരീരിക മാനസിക ഉല്ലാസം നൽകുന്ന പരിപാടികൾ വേണമെന്ന പൊതു നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പിൽ ഉന്നയിക്കപ്പെട്ടിരുന്നു. ടി ആശയം വികസന സെമിനാറിൽ അംഗീകരിക്കുകയും തുടർന്ന് മുനിസിപ്പൽ കൌൺസിൽ അംഗീകാരത്തോടെ പദ്ധതി രൂപീകരിക്കുകയും ചെയ്തു. സ.ഉ(കൈ)84/2022/LSGD :Dtd 19.04.2022 ലെ നിർദ്ദേശം 2 പ്രകാരം വയോജനങ്ങൾക്ക് ശാരീരിക മാനസിക സാംസ്കാരിക പിന്തുണ സംവിധാനം ഉറപ്പ് വരുത്തുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം എന്ന നിർദ്ദേശം കൂടി പരിഗണിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. മുൻവർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കയപ്പോൾ ലഭ്യമായ വയോജന പിന്തുണയും സ്വീകാര്യതയും കൂടി കണക്കിലെടുത്തിരുന്നു. വയോജനോത്സവം

എന്ന പേരിൽ ഒരു പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെടാത്ത സാഹചര്യത്തിൽ അങ്ങനെയൊരു പദ്ധതി തയ്യാറാക്കി നടപ്പാക്കരുത് എന്നത് ശ്രദ്ധയിൽ പെട്ടിരുന്നില്ല എന്നും വയോജനങ്ങളുടെ താൽപ്പര്യം കണക്കിലെടുത്താണ് പദ്ധതി നടപ്പിലാക്കിയതെന്നും അറിയിച്ചിട്ടുണ്ട്.

അംഗീകൃത പ്രോജക്ട് രൂപീകരണ ഫോമിലും ഇത് മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ട് ആണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. സ.ഉ(കൈ)84/22/lsgd;dtd.19.04.2022 ലെ ഖ.3.8.5, ഖ.5.4.1, ഖ.6.5 എന്നിവയിൽ നൂതന പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. സാധാരണ പ്രോജക്ട് അംഗീകാര രീതിയിൽ നിന്നും വ്യത്യസ്തമായി സബ്സിഡിയുൾപ്പെടെയുള്ള ഘടകങ്ങൾ പരിശോധിച്ച് അനുമതി നൽകുന്നതിന് ജില്ലാ ആസൂത്രണ സമിതി നിയോഗിക്കുന്ന വിദഗ്ധ സമിതിയിൽ നിന്നും അംഗീകാരം തേടേണ്ടതാണ്. എന്നാൽ ഇത്തരത്തിലൊരു അനുമതി പ്രസ്തുത പ്രോജക്ടിന് ലഭ്യമാക്കിയിട്ടില്ല . ഇത് ശരിയായ നടപടിക്രമമല്ല.

2) അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

പട്ടികയിലെ ക്രമ നം.2 ലെ ചെക്ക് മുഖേന ₹47,468/- ആകെ ചെലവുണ്ട്. ഇതിൽ വിവിധ ട്രോഫികൾ വാങ്ങുന്നതിനായി Tallboy Sports എന്ന സ്ഥാപനത്തിന് അവരുടെ ഇൻവോയ്സ് നം.TB/7696/22-23 Dtd.14.02.2023 പ്രകാരം ₹28960 നൽകി. എന്നാൽ പ്രസ്തുത ഇൻവോയ്സിലെ യഥാർത്ഥ തുക ₹28,690 ആണ്. എന്നാൽ അധികമായി ₹270 നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/29.01.2024 ന് തെറ്റായി നൽകിയ ടി തുക തിരികെ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുക തിരികെ തനത് ഫണ്ടിലേയ്ക്ക് അടവാക്കി രേഖ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും, പ്രസ്തുത പ്രോജക്ടിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്.

**1-36 മുട്ടക്കോഴി വളർത്തൽ - പ്ലാൻ ഫണ്ടിൽ നിന്ന് തെറ്റായി അധിക തുക ചെലവഴിച്ചു**

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | S0262/23, കോഴി വളർത്തൽ |
| നിർവ്വഹണോദ്യോഗസ്ഥ | സീനിയർ വെറ്ററിനറി സർജ്ജൻ , ഏലൂർ നഗരസഭ |
| അടങ്കൽ / ഫണ്ട് | 1) ₹1,20,000 (വികസന ഫണ്ട്-ജനറൽ)<br>2) ₹1,20,000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 1) ₹1,20,000 (വികസന ഫണ്ട്-ജനറൽ)<br>2) ₹26400 (ഗുണഭോക്തൃ വിഹിതം) |
| ബിൽ നം/തിയതി - തുക | 1)2211347001001217759/27.02.2023 – ₹1,20,000/-<br>2)ചെക്ക് നമ്പർ 001669/31.03.2023 (BOB) – ₹26400/- (വൌച്ചർ നം.321) |

50% സബ്സിഡിയോടു കൂടി 122 ഗുണഭോക്താക്കൾക്ക് മുട്ടക്കോഴികളെ വിതരണം ചെയ്യുന്ന പ്രോജക്ടാണിത്. എന്നാൽ ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ ₹73,200/- യിൽ നിന്നും ₹26,400/- മാത്രമാണ് നഗരസഭ ചെലവഴിച്ചത്. ബാക്കി ₹46,800/- വികസന ഫണ്ടിൽ നിന്നും തെറ്റായി അധികമായി ചെലവഴിക്കുകയാണുണ്ടായത്. തനത് ഫണ്ടിൽ നിന്നും ടി ₹46,800/- കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കി വിവരം അറിയിക്കുന്നതു വരെ വികസന ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരം ഭാഗം 3 ലെ ഖ.3.2 ൽ ചേർത്തിട്ടുണ്ട്.

**1-37 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 50/23, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ. |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പിഎച്ച്സി |
| അടങ്കൽ | ₹9,75,178/- വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹8,86,200/- വികസന ഫണ്ട് ജനറൽ |
| ACR ബിൽ നം | 5/12-5-22, ₹828296/<br>38/22-6-22, ₹41654/-<br>43/29-622, ₹11050/-<br>60/19-7-22, ₹5200/- |

മേൽ പ്രോജക്ടിനായി ഇൻവോയ്സ് നം PR/218/21-22 /18-3-2022 പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 2022-23 വർഷം, Keltron Limited ന് നൽകിയ ഇനത്തിൽ ₹8,28,296/- ഉം ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് സംഘടിപ്പിച്ച ചടങ്ങുമായി ബന്ധപ്പെട്ട് ₹57,904/- ഉം ചെലവായിട്ടുണ്ട്.

1. 30-12-22 ന് മെഡിക്കൽ ക്യാമ്പ് നടത്തുന്നത് സംബന്ധിച്ച് അറിയിപ്പിനുള്ള നോട്ടീസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എങ്കിലും ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ചും പങ്കെടുത്തവരെ സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമല്ല. 10.2.22 ലെ നഗരസഭാ കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം ഹിയറിങ്ങ് എയ്ഡ് ഇനത്തിൽ 22 പേരുടേയും ഓർത്തോ ഇനത്തിൽ 25 പേരുടേയും ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ഗുണഭോക്താക്കളെ പരിശോധിച്ച് ആവശ്യമായ ഉപകരണങ്ങൾ മെഡിക്കൽ ഓഫീസർ പ്രിസ്ക്രൈബ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ക്യാമ്പ് നടത്തിപ്പ്

സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുകയോ, വിതരണം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉപകരണങ്ങൾ വിതരണം ചെയ്ത ഗുണഭോക്താക്കളുടെ ശാരീരിക മാനസിക വെല്ലുവിളികൾ ബോധ്യപ്പെടുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

2. ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് സംഘടിപ്പിച്ച ചടങ്ങുമായി ബന്ധപ്പെട്ട് മാത്രം ₹57,904/- ചെലവായതായി കാണുന്നു. പന്തലും അനുബന്ധ ചെലവുകളും ₹41,654/- , ഭക്ഷണം ₹6,250/- , സൌണ്ട് സിസ്റ്റം ₹4,800/-, ബാനർ&നോട്ടീസ് ₹5,200/- എന്നിങ്ങനെയാണ് തുക ചെലവായിട്ടുള്ളത്. ഇത്തരം ചടങ്ങുകൾ ചെലവ് കുറഞ്ഞ രീതിയിൽ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും കൃത്യമായ വിതരണ രജിസ്റ്റർ സഹിതം അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 01-02-2024 ലെ ഓഡിറ്റ് എൻക്വയറി 42 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകളും വിതരണ രജിസ്റ്ററും സഹിതം കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ ₹8,86,200/- തടസ്സപ്പെടുത്തുന്നു.

### 1-38 വിദ്യാഭ്യാസ അവാർഡ് വിതരണം അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 116/23, വിദ്യാഭ്യാസ അവാർഡ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രിൻസിപ്പൾ , ഗവ. ഹയർ സെക്കണ്ടറി സ്കൂൾ |
| അടങ്കൽ | ₹150000/- തനത് ഫണ്ട് |
| ചെലവ് | ₹146652/- തനത് ഫണ്ട് |
| ബിൽ നമ്പർ & തീയതി | വൌച്ചർ നം 22201594/16-3-23, ₹7000/-<br>വൌച്ചർ നം 22201599/16-3-23, ₹56000/-<br>വൌച്ചർ നം 22201600/16-3-23, ₹6432/-<br>വൌച്ചർ നം 22201602/16-3-23, ₹51800/-<br>വൌച്ചർ നം 22201603/16-3-23, ₹25420/- |

മേൽ പ്രോജക്ട് പ്രകാരം എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്ക് ആദരം നൽകുന്ന പരിപാടി സംഘടിപ്പിച്ചതിന് ആകെ ₹1,46,652/- ചെലവായിട്ടുണ്ട്. മൊമെന്റൊ വാങ്ങിയ ഇനത്തിൽ ₹25,420/-, ബാനർ, സ്നാക്സ് എന്നിവയ്ക്ക് ₹6,432/- 82 വിദ്യാർത്ഥികൾക്ക് ₹1,400/- നിരക്കിൽ ക്യാഷ് അവാർഡിന് ₹1,14,800/- എന്നിങ്ങനെയാണ് തുക ചെലവായിട്ടുള്ളത്.

പദ്ധതി മാർഗരേഖയിൽ നിർദ്ദേശിക്കപ്പെടാത്ത ഇത്തരം പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 29-1-24 ലെ ഓഡിറ്റ് എൻക്വയറി 23 ന്, ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്നതിനുവേണ്ടിയും തനത് ഫണ്ടിൽ നിന്നുള്ള വളരെ ചെറിയ തുകയുമാണ് ഈ പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളത് എന്ന മറുപടി ലഭ്യമാക്കി. ഇത്തരത്തിലുള്ള ചെലവുകൾ നഗരസഭയുടെ അനിവാര്യ ചുമതലയിൽപെടുന്നതല്ല എന്നു കാണുന്നു. ഭാവിയിൽ പദ്ധതി മാർഗരേഖപ്രകാരമുള്ള പ്രോജക്ടുകളാണ് നടപ്പിലാക്കുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

### 1-39 അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് കീടനാശിനി വിതരണം ചെയ്തു

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 319/23, ജൈവജീവാണു കീടനാശിനി വിതരണം |
| നിർവ്വഹണോദ്യോഗസ്ഥ | കൃഷി ഓഫീസർ |
| അടങ്കൽ(ഫണ്ട്) | 1) 31500 (വികസന ഫണ്ട് - ജനറൽ)<br>2)4380 (തനതു ഫണ്ട്)<br>3) 11960 (ഗുണഭോക്തൃ വിഹിതം)<br>ആകെ – 47840/- |
| ചെലവ് | 1) 31500 (വികസന ഫണ്ട് - ജനറൽ)<br>2)4380 (തനതു ഫണ്ട്)<br>3) 11960 (ഗുണഭോക്തൃ വിഹിതം)<br>ആകെ – 47840/- |
| ബിൽ നം/തിയതി - തുക | 1)314/10.02.2023 – 11960<br>2)313/ 10.02.2023 – 4380<br>3) 312/ 10.02.2023 –31500<br>ആകെ - 47840/- |

73 ഗുണഭോക്താക്കൾക്ക് 75% സബ്സിഡി നിരക്കിൽ ജൈവജീവാണു കീടനാശിനി വിതരണം ചെയ്യുന്ന പ്രോജക്ടാണിത്. 73 ഗുണഭോക്താക്കൾക്ക് ജൈവജീവാണു കീടനാശിനി വിതരണം ചെയ്തിട്ടുണ്ടെങ്കിലും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 13 പേർക്ക് മാത്രമാണ് ആയത് വിതരണം ചെയ്തിട്ടുള്ളത്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് കീടനാശിനി വിതരണം ചെയ്തതിനു വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (52/02.02.2024) പുതുക്കിയ

ഗുണഭോക്തൃലിസ്റ്റ് മുനിസിപ്പാലിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണെന്നും അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. വാർഡ് സഭ, ഭരണസമിതി എന്നിവ അംഗീകരിച്ച ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക ₹47840/- തടസ്സപ്പെടുത്തുന്നു.

### 1-40 തരിശു ഭൂമി കൃഷി - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഞങ്ങളും കൃഷിയിലേക്ക് തരിശു ഭൂമി കൃഷി- പച്ചക്കറി കിഴങ്ങ് വാഴ |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക | വികസനഫണ്ട് (സാധാരണ വിഹിതം)-₹52500/- |
| ചെലവ് തുക | വികസനഫണ്ട് (സാധാരണ വിഹിതം)-₹52500/- |
| ബിൽ നം.തീയതി , തുക | 1)362/02.03.2023 – 6310/-<br>2)282/03.02.2023 – 33555/-<br>3)470/24.03.2023 - 12635/- |

തരിശ് ഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രം വിളയ്ക്ക് അനുസൃതമായും കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായും സബ്സിഡി നല്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പ്രോജക്ടിൽ ₹52500/- രൂപ 13 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെചേർക്കുന്നു.

1. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ. (എം എസ്)115/2022 തസ്വഭവ തീയതി 28.05.2022 ഖണ്ഡിക നമ്പർ 6.1 ന്റെ ക്രമ നമ്പർ 8 പ്രകാരം കഴിഞ്ഞ മൂന്ന് വർഷമായി ടി സ്ഥലത്ത് കൃഷി ചെയ്തിട്ടില്ലെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഫയലിൽ ഈ സാക്ഷ്യപത്രം ലഭ്യമല്ല.

2)പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീ.ജോസഫ് കെ.പി, കോയ്മക്കാട് എന്ന വ്യക്തി ശ്രീ.ബെന്നി ജേക്കബിന്റെ സർവ്വേ നം.8/2 ൽ പെട്ട 13 ആർ വസ്തുവിൽ പാട്ടകൃഷി ചെയ്യുന്നതിതായി കാണിച്ച് ഹാജരാക്കിയ കരാർ 2020 മാർച്ച് 3 ന് ചമച്ചിട്ടുള്ളതാണ്. ഇതിൽ നിന്നും മേൽ വസ്തുവിൽ മുൻപും കൃഷി ചെയ്തിട്ടുള്ളതാണെന്ന് വ്യക്തമാണ്. തരിശു ഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നല്കാവൂ എന്നിരിക്കെ പ്രസ്തുത വ്യക്തിക്ക് ആനുകൂല്യം നൽകിയതിനു വിശദീകരണം നൽകേണ്ടതാണ്.

3)തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി പ്രയോജനപ്പെടുത്തിയിട്ടില്ല.

4) ആനുകൂല്യം ലഭ്യമായ 13 ഗുണഭോക്താക്കളിൽ 3 പേർ (പി.എം അലി, പൂത്തക്കട & ശശിധരൻപിള്ള, പനയ്ക്കൽ & ജോസ് കെ.പി, കോയ്മക്കാട്) മാത്രമാണ് അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്.(ശശിധരൻപിള്ള, പനയ്ക്കൽ പാട്ടകൃഷി ചെയ്ത ശ്രീ.വേണുഗോപാലൻപിള്ളയ്ക്ക് സ്ഥലം ഉടമയ്ക്കുള്ള സബ്സിഡി നൽകിയിട്ടുണ്ട്). ബാക്കിയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് വാർഡ് സഭയും ഭരണസമിതിയും അംഗീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർ |
|---|---|
| 1 | പി.ജി ലളിതാംബിക, രോഹിണി |
| 2 | മിഥുൻ ഷാജി, വലിയപറമ്പിൽ |
| 3 | വി. രീജൻ, വെള്ളാങ്ങിൽ വീട് |
| 4 | ഷാന്റി റോയ്, പാലമറ്റം |
| 5 | മുഹമ്മദ് ഷബീർ കെ |
| 6 | എം. ഗോപിനാഥൻ, പുതുവേലിപറമ്പിൽ |
| 7 | മിനി ടി.കെ, മഠത്തിൽപറമ്പിൽ |
| 8 | ചാർളി വി.വി, വടശ്ശേരി വീട് |
| 9 | ഷിലിൻ എം.എസ്, കാട്ടുങ്കൽ |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (62/5.2.2024) മറുപടി നൽകിയില്ല. പതിനാലാം പഞ്ചവത്സര പദ്ധതി (സ.ഉ.(കൈ)നമ്പർ 115/22 തസ്വഭവ തീയതി 28.05.22) മാനദണ്ഡങ്ങൾ അനുസരിച്ചു പ്രോജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-41 ജൈവവളം - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പടാത്തവർക്കും ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 381/23, വാഴയ്ക്ക് ജൈവവളം – എസ് സി വിഭാഗം |
| നിർവ്വഹണോദ്യോഗസ്ഥ | കൃഷി ഓഫീസർ |
| അടങ്കൽ(ഫണ്ട്) | 20000/-(വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 20000/-(വികസന ഫണ്ട് - എസ് സി പി) |
| ബിൽ നം/തിയതി - തുക | 364/02.0.32023 – 20000/- |

വാഴയ്ക്ക് ജൈവവളം വിതരണം 100% സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള മേൽ പ്രോജക്ടിൽ 18 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 5 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പടാത്തവർക്ക് ജൈവവളം വിതരണം ചെയ്തതിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (64/05.02.2024)മറുപടി ലഭ്യമാക്കിയില്ല. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ ലിസ്റ്റ് അടുത്ത വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവായ ₹20000/- തടസ്സപ്പെടുത്തുന്നു.

### 1-42 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഏലൂർ നഗരസഭ - 2022-23 വർഷം സെക്രട്ടറി നടപ്പാക്കിയ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന ഡെപ്പോസിറ്റ് പ്രവൃത്തിയുടെ എഗ്രിമെന്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. തുക ₹6,73,851/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക(₹) | ബിൽ നം /ചെക് നം /തുക |
|---|---|---|---|
| 277/23 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 6,73,851/- | ബിൽ നം.290തി.06.02.2023 |

ഇതു സംബന്ധിച്ച് 01.02.2024 ൽ 8-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-43 സാമൂഹ്യ സുരക്ഷാമിഷനിലേയ്ക്ക് തുക നല്കൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല**

സാമൂഹ്യ സുരക്ഷാമിഷനിലേയ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. തുക ₹10,00,000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക (₹) | ബിൽ നം /ചെക് നം /തുക |
|---|---|---|---|---|
| 1 | 246/23 | സാമൂഹ്യ സുരക്ഷാമിഷനിലേയ്ക്ക് നല്കിയ തുക | 10,00,000/- | ബിൽ നം.121തി.22.9.2022 |

ഇതു സംബന്ധിച്ച് 01.02.2024 ൽ 8-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-44 PHC യുടെ പുതിയ കെട്ടിടത്തിലേയ്ക്ക് ട്രാൻസ്ഫോർമർ- ഫയൽ, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | PHC യുടെ പുതിയ കെട്ടിടത്തിലേയ്ക്ക് ട്രാൻസ്ഫോർമർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 350/23 |
| അടങ്കൽ തുക / ഫണ്ട് | ₹435053/- (തനത് ഫണ്ട്) |
| ചെലവ് തുക/ ബിൽ നം ,തിയതി | ₹435053/- (ചെക്ക് നം.4196, തീയതി.20.10.22 ) |

ഏലൂർ നഗരസഭ - 2022-23 വർഷം സെക്രട്ടറി നടപ്പാക്കിയ PHC യുടെ പുതിയ കെട്ടിടത്തിലേയ്ക്ക് ട്രാൻസ്ഫോർമർ- KSEB ഡെപ്പോസിറ്റ് പ്രവൃത്തിയുടെ എഗ്രിമെന്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ₹435053/- ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.45 തീ.1.2.2024) മറുപടിയായി പ്രവൃത്തി പൂർത്തികരിക്കാത്തതിനാൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന് അറിയിച്ചു.

**1-45 പഴയ പൈപ്പ് മാറ്റി PVC പൈപ്പ് സ്ഥാപിക്കൽ- അപാകതകൾ**

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക (₹) | ബിൽ നം /ചെക്ക് നം |
|---|---|---|---|---|
| 1 | 397/23 | ഹിന്റാൽകോ റൗണ്ട് മുതൽ ഇടമുള റോഡ് വരെ പഴയ പൈപ്പ് മാറ്റി PVC പൈപ്പ് സ്ഥാപിക്കൽ | 1)16,00,000/- | ബിൽ നം.532 തീ. 28.3.2023 |

ഏലൂർ നഗരസഭ - 2022-23 വർഷം സെക്രട്ടറി KWA യിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ റോഡ് റെസ്റ്റോറേഷൻ ഫീസ് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ, ഈ പ്രവൃത്തിയ്ക്കായി വാട്ടർ അതോറിറ്റിയുമായുള്ള എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല. സൈറ്റ് പ്ലാനും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയ്ക്കായി നല്കിയ തുക ₹16,00,000/-യിൽ റോഡ് റെസ്റ്റോറേഷൻ ഫീസ് തുക ₹6,34,106/-യും അതിന്റെ 18% GST ₹1,14,139/- ഉൾപ്പെടെ ₹7,48,245/-യും റൗണ്ട് ഓഫ് തുകയായി നല്കിയ ₹56,484/- ഉൾപ്പെടെ ആകെ ₹8,04,729/- അധികം നല്കിയിട്ടുണ്ട്. ഈ പ്രവൃത്തി നഗരസഭ നടപ്പാക്കുന്നതിനാൽ റോഡ് റെസ്റ്റോറേഷൻ ഫീസ് ഈടാക്കേണ്ടതില്ല. കൂടാതെ റൗണ്ട് ഓഫ് തുകയായി ₹56,484/-യും നല്കേണ്ടതില്ല. ഈ തുകകൾ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. (ഇതു സംബന്ധിച്ചുള്ള വിശദാംശം ഭാഗം 3 ഖണ്ഡിക 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ) എന്നാൽ പ്രവൃത്തി നടപ്പാക്കിയിട്ടില്ലാത്തതിനാൽ അധികം നല്കിയ തുക കഴിച്ചുള്ള ബാക്കി തുക (₹16,00,000/- ₹8,04,729/-)= ₹7,95,271/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം9 തി 1.2.2024) പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം KWA-യിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

**1-46 കുടിവെള്ള പൈപ്പ് ലൈൻ പ്രോജക്റ്റുകൾ പൂർത്തീകരിച്ചില്ല**

ഏലൂർ നഗരസഭ - 2022-23 വർഷം സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന KWA കുടിവെള്ള പൈപ്പ് ലൈൻ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തികരിച്ച് വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. കൂടാതെ KWA ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സൈറ്റ് പ്ലാൻ വിശദാംശം ഉൾപെടുത്താത്തതിനാൽ ചില പ്രവൃത്തികൾക്ക് ഇരട്ടിപ്പ് വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല. അതായത് ഇടമുള റോഡുവരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 397/23 എന്ന നമ്പരിൽ പ്രോജക്റ്റ് തയ്യറാക്കി 16 ലക്ഷം രൂപ ചെലവിനായി നൽകിയിട്ടുണ്ട്. എന്നാൽ ഇതേ പ്രവൃത്തി 329/23 എന്ന പ്രോജക്ടിൽ ഉൾപ്പെട്ടതായി കാണുന്നുണ്ട്. KWA യ്ക്കുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൃത്യമായ സൈറ്റ്പ്ലാനും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക ₹ | ബിൽ നം /ചെക് നം |
|---|---|---|---|---|
| 1 | 276/23 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 20,00,000/- | ബിൽ നം.230,തീ.31.12.22 |
| 2 | 329/23 | പഴയ പൈപ്പ് മാറ്റി PVC പൈപ്പ് സ്ഥാപിക്കല് | 33,98,000/- | ബിൽ നം.260,തീ.16.01.2023 |
| | | ആകെ | 53,98,000/- | |

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം9 തീ.01.02.2024) മറുപടിയായി പ്രവൃത്തി പൂർത്തികരിച്ച് വിനിയോഗ സാക്ഷ്യപത്രം KWA-യിൽനിന്നും ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു. വ്യക്തമായ സൈറ്റ് പ്ലാൻ ഉൾപ്പെടെ പ്രവൃത്തി പൂർത്തീകരിച്ച് ഫയൽ , വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരെ ചെലവു തുക ₹ 53,98,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-47 പഴയ എ.സി. കുടിവെള്ള പൈപ്പുകൾ പിവിസി പൈപ്പുകൾ ആക്കുന്നത്-പ്രോജക്റ്റ് നടപ്പിലാക്കിയില്ല**

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 78/2023 പഴയ എ.സി. കുടിവെള്ള പൈപ്പുകൾ പിവിസി പൈപ്പുകൾ ആക്കുന്നത് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി അടങ്കൽ | ₹67,00,000/-(നഗര സഞ്ചയ – കോർപ്പറേഷൻ വിഹിതം ) |
| ചെലവഴിച്ച തുക | ₹67,00,000/- |
| ബിൽ നം./ചെക്ക് നം. | 001300/01.09.2022 |

ഏലൂർ നഗരസഭയിൽ വിവിധ ഡിവിഷനുകളിൽ പഴയ എ.സി കുടിവെള്ള പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ ആക്കുന്നതിന് കെ.ഡബ്ലിയു.എ യ്ക്ക് ₹67,00,000/- ഡെപ്പോസിറ്റ് വർക്കിന് നൽകിയിട്ടുണ്ട്. മേൽ പദ്ധതിക്ക് തുക അനുവദിക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് കെ.ഡബ്ലിയു.എ യിൽ നിന്നുള്ള എസ്റ്റിമേറ്റ്, എഗ്രിമെന്റ് ഇവ ലഭ്യക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ-14/27.01.2024 നൽകിയതിന് ലഭ്യമാക്കിയ മറുപടിയോടൊപ്പം എസ്റ്റിമേറ്റും ലഭ്യമാക്കിയിരുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിച്ച് സൈറ്റ്പ്ലാൻ സഹിതം ഫയലും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കുന്നതിന് വിധേയമായി 67 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൗൺസിൽ തിരുമാനമില്ലാതെ തുക ചെലവഴിച്ചതിന്റെ നിജസ്ഥിതി വ്യക്തമാക്കേണ്ടതാണ്.

**1-48 നഗരസഭ പാതാളം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലം നഗരസഭ ആസ്തിയായി ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.**

വൗച്ചർ നം 150/2-23

ചെക്ക് നം. 03366 തീയതി. 25/2/2023 തുക :4,28,175/-

